Vol.XXVIII,No.6 August 2012
# യേശു ജീവിക്കുന്നു
Yesu Jeevikkunnu
A Publication of Grace Ministries of India

# ഉദ്ഘാടനത്തിനായി നാഗ്പൂർ ആശ്രമം ഒരുങ്ങുന്നു

– സ്വന്തം ലേഖകൻ

**ഭാ**രതത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന “ഓറഞ്ച് നഗരം” എന്നറിയപ്പെടുന്ന നാഗ്പൂരിൽ ഏറെ നാളത്തെ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യയുടെ ഒരു ആശ്രമം നിർമ്മിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. 1993–ൽ ജി.എം.ഐ ഇവിടെ പ്രവർത്തനം ആരംഭിച്ചു എങ്കിലും 1998 ലാണ് ഇവിടെ സ്ഥലം വാങ്ങാൻ സാധിച്ചത്. നാഗ്പൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും കാട്ടോൾ റോഡിൽ 18 കിലോമീറ്റർ അകലെയായി ദഹേഗാവിൽ 3 ഏക്കർ 20 സെന്റ് സ്ഥലമാണ് ലഭിച്ചത്.

യാതൊരു വൃക്ഷങ്ങളോ ജലസേചന സൗകര്യങ്ങളോ ഇല്ലാത്ത ഊഷരമായ ഒരു ഭൂമിയായിരുന്നു ഇത്. എങ്കിലും ശൂന്യതയിലും സൃഷ്ടി നിർവ്വഹിക്കാൻ കഴിവുള്ള സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് വളരെ പ്രാർത്ഥനയോടെ സ്ഥലം വാങ്ങി. ദൈവത്തോടൊപ്പം സൃഷ്ടികർമ്മത്തിൽ പ്രവർത്തിക്കാൻ നിയോഗം ലഭിച്ച ശുശ്രൂഷയിലൂടെ മരുഭൂമിക്കു സമാനമായിരുന്ന സ്ഥലം ഇപ്പോൾ മലർവാടിയായിത്തീർന്നു കൊണ്ടിരിക്കുന്നു. വൃക്ഷങ്ങൾ നട്ടുവളർത്തിയും വിവിധ കൃഷികൾ ചെയ്തും ഇപ്പോൾ ഈ സ്ഥലം ഉപയോഗ പ്രദമായിത്തീർന്നുകൊണ്ടിരിയ്ക്കുകയാണ്.

ഏതൊരു മിഷണറി പ്രവർത്തനങ്ങളുടെയും വളർച്ചയ്ക്കും നിലനില്പിനും കെട്ടിടങ്ങൾ വളരെ അത്യാവശ്യമാണ്. 1993–ൽ നാഗ്പൂരിൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചുവെങ്കിലും പ്രവർത്തനങ്ങൾക്ക് സഹായകമായി ഒരു കെട്ടിടം നിർമ്മിക്കാൻ ഇതുവരെ സാധിച്ചില്ലായിരുന്നു. ഭാരതത്തിന്റെ ഹൃദയഭാഗത്ത് ദൈവം അനുഗ്രഹിച്ചു നല്കിയ ഈ സ്ഥലം ഭാരതസുവിശേഷീകരണ യത്നത്തിന് ഒരു കേന്ദ്രമായിത്തീരും. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമായിത്തീരാൻ വിളിക്കപ്പെട്ട ജി.എം.ഐയ്ക്ക് ദൈവം നല്കിയ ദർശനവും നിയോഗവും അനുസരിച്ച് പ്രവർത്തിക്കുവാൻ ഇവിടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾ മുതൽക്കൂട്ടായിത്തീരും.

ദൈവം നല്കിയ ദർശനപ്രകാരം സ്വന്തം കുടുംബത്തെയും കുഞ്ഞുങ്ങളുടെ ഭാവിയെക്കാളുമുപരി യേശുവിന്റെ നാമത്തിനും ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കും പ്രാധാന്യം നല്കികൊണ്ട് അനേകം മിഷണറിമാർ അപരിഷ്കൃതമായ ഗ്രാമങ്ങളിലും യാതൊരു യാത്രാ വിദ്യാഭ്യാസ വിവര സാങ്കേതിക സൗകര്യങ്ങളുമില്ലാത്ത ഉൾപ്രദേശങ്ങളിലും കടന്നുചെന്ന് സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ധനം സമ്പാദിച്ച് ജീവിതം സുരക്ഷിതമാക്കാൻ തയ്യാറാകാതെ ദൈവവിളിക്കനുകൂലമായി പ്രതികരിച്ചുകൊണ്ട് ക്രൂശിന്റെ പാത തിരഞ്ഞെടുത്ത മിഷണറിമാരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും ഭാവിയും ഭദ്രമാക്കാൻ കുഞ്ഞുങ്ങൾക്ക് ഒരു താമസസ്ഥലവും വിദ്യാഭ്യാസ സൗകര്യങ്ങളും ഒരുക്കുക എന്നത് ജി.എം.ഐയ്ക്ക് ദൈവം നല്കിയ ഒരു ദർശനമാണ്. ഈ ദർശന സാക്ഷാത്കാരത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം ഇവിടെയാണ്.

ജി.എം. ഐയുടെ വളരെ പ്രധാനപ്പെട്ട ഒരു മിഷണറി ഉദ്യമമാണ് സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ (മൊബൈൽ ടെന്റ് മിനിസ്ട്രി). ഇപ്പോൾ നിലവിൽ ഈ പ്രവർത്തനത്തിന് രണ്ട് ട്രക്കുകളും, പരസ്യയോഗങ്ങളും ചെറിയ കൺവൻഷനുകളും നടത്തുന്നതിനാവശ്യമായ എല്ലാ ഉപകരണങ്ങളുമുണ്ട്. സമർപ്പിതരും കഠിനാദ്ധ്വാനികളുമായ ഒരു കൂട്ടം സഹോദരന്മാർ പ്രവർത്തിച്ചുവരുന്നു. ഇവർ ഭാരതത്തിലുടനീളം എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും കടന്നുപോയി പരസ്യയോഗങ്ങളും വലിയ കൺവൻഷനുകളും സംഘടിപ്പിച്ചു വരുന്നു. ഈ പ്രവർത്തകർക്ക് വിശ്രമിക്കാനും വാഹനങ്ങളും ഉപകരണങ്ങളും സൂക്ഷിക്കാനുമുള്ള ഒരിടം കൂടിയാണിവിടം.

ജനങ്ങൾക്ക് ഒരുമിച്ചുകൂടി ദൈവത്തെ ആരാധിക്കാനുള്ള ഒരു

*(ശേഷം 2–ാം പേജിൽ)*

## രെഹോബോത്ത് – അത്ഭുതങ്ങളുടെ ദൈവം

**നാ**ഗപ്പൂരിൽ 1998– ൽ വളരെ പ്രാർത്ഥനയോടെ വാങ്ങിയ സ്ഥലത്ത് ജലം ലഭിക്കാനുള്ള സാദ്ധ്യതയില്ലെന്ന കാര്യം വളരെ വൈകിയാണ് അറിഞ്ഞത്. അതേ വർഷം തന്നെ ഒരു ഭൂഗർഭശാസ്ത്രജ്ഞനെ (ജിയോളജിസ്റ്റ്) കൊണ്ട് പരിശോധിച്ചപ്പോൾ ഒരു പ്രത്യേക സ്ഥലത്ത് വെള്ളമുണ്ടെന്ന് മനസ്സിലായി. 1999 –ൽ ഒരു ചെറിയ കെട്ടിടം നിർമ്മിച്ചു എന്നാൽ ഈ വർഷങ്ങളിലാണ് ഇവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചത്. തദവസരത്തിൽ പഴയ ഭൂഗർഭ ശാസ്ത്രജ്ഞനെ വിളിച്ച് വീണ്ടും പരിശോധിപ്പിച്ചപ്പോൾ മുൻപ് കണ്ട അതേ സ്ഥാനത്തുതന്നെ ജലമുണ്ടെന്ന് തിട്ടപ്പെടുത്തി. എന്നാൽ അവിടെ 300 അടിയിൽ കൂടുതൽ കുഴിച്ചിട്ടും വെള്ളം കണ്ടില്ല. ഇങ്ങനെ മൂന്നു സ്ഥലങ്ങളിൽ മാറിമാറി 600 അടിയിലധികം കുഴിച്ചിട്ടും വെള്ളം കണ്ടില്ല.

എന്നാൽ ദൈവിക വാഗ്ദത്തത്തിൽ വിശ്വസിച്ച് രെഹെബോത്തിൽ പ്രവർത്തിച്ച ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ്രാർത്ഥിച്ച് ഒരു സ്ഥലത്ത് കുഴിച്ചപ്പോൾ വെള്ളം കണ്ടു. ശാസ്ത്രവും സാങ്കേതിക വിദ്യകളും പരാജയപ്പെടുന്നിടത്ത് ദൈവം പ്രവർത്തിക്കാനാരംഭിച്ചു. ഇപ്പോൾ ഇവിടെയുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ ജലം ലഭിച്ചുകൊണ്ടിരിക്കുന്നു. ഇത് ഇവിടെയുള്ള പ്രദേശവാസികൾക്ക് ഒരു അത്ഭുതമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. കാരണം ഇവിടം ജലം ലഭ്യമല്ല എന്ന കാരണത്താൽ ഒഴിവാക്കിയിട്ടിരുന്ന സ്ഥലമായിരുന്നു. എന്നാൽ ഇല്ലായ്മയിലും പ്രവർത്തിക്കാൻ ശക്തനായ ദൈവത്തിന്റെ പ്രവൃത്തി ജി.എം.ഐയ്ക്ക് ഒരിക്കൽക്കൂടി അനുഭവിച്ചറിയുവാൻ സാധിച്ചതിനാൽ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

## മുന്നറിയിപ്പ് – പ്രത്യേകം ശ്രദ്ധിക്കുക

ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ എന്ന പേരിൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തു എന്നവകാശപ്പെടുന്ന ഒരു സംഘടനയുടെ പ്രവർത്തകർ തിരുവനന്തപുരം ജില്ലയുടെ പലഭാഗങ്ങളിലുമുള്ള ജി.എം.ഐയുടെ അഭ്യുദയകാംക്ഷികളുടെയും സ്പോൺസർമാരുടെയും ഭവനങ്ങൾ കയറി പണം പിരിക്കുന്നതായി അറിയുന്നു. Reg. No. 24/2010, 122/2011, T- 1954/ 2007 എന്നിങ്ങനെ മൂന്ന് വ്യത്യസ്ത രജിസ്ട്രേഷൻ നമ്പറുകൾ ഈ സംഘടനയുടെ നോട്ടീസിൽ പ്രിന്റ് ചെയ്തിട്ടുണ്ട്. ഇവരുമായി ജി.എം.ഐയ്ക്ക് യാതൊരു തരത്തിലുള്ള ബന്ധവുമില്ല എന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ജി.എം.ഐയിലൂടെ നടക്കുന്ന മിഷണറി പ്രവർത്തനങ്ങളെയും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളെയും സന്ധാരാണം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ നിങ്ങൾ നൽകുന്ന തുക ജി.എം.ഐയ്ക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക. പ്രത്യേകാൽ ധനസമാഹരണത്തിനായി പ്രവർത്തകർ ഭവനങ്ങളിൽ വരുമ്പോൾ അവർക്കു ജി.എം.ഐ നല്കിയിട്ടുള്ള ഐഡന്റിറ്റി കാർഡ് കണ്ട് ഉറപ്പു വരുത്തിയ ശേഷം മാത്രം സംഭാവനകൾ നല്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ഡോ. ഇ. സ്റ്റീഫൻ**
ജനറൽ സെക്രട്ടറി
ജി.എം.ഐ



## എഡിറ്റോറിയൽ

**ഭാ**രതം വിദേശ ഭരണത്തിൽ നിന്നും സ്വതന്ത്രയായിട്ട് 65 വർഷങ്ങൾ പിന്നിടുന്നു. ഈ സ്വാതന്ത്ര്യം സൗജന്യമായി ലഭിച്ചതല്ല കനത്ത വില നല്കി നേടിയതാണ്. ഇതിനുവേണ്ടി ജീവൻ ബലിയർപ്പിച്ച രാജ്യസ്നേഹികളുടെ സ്മരണ നമ്മിൽ ഉണ്ടായിരിക്കട്ടെ. സ്വാതന്ത്ര്യം ഒരു അവസ്ഥയല്ല പ്രക്രിയയാണ്. സ്വതന്ത്ര ഭാരതം ഇന്ന് അനേകം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഭാരതത്തിനു ലഭിച്ച സ്വാതന്ത്ര്യം ഇന്ന് പുരോഗതിയുടെ പേരിൽ ബഹുരാഷ്ട്രകുത്തകകൾക്കു മുന്നിൽ അടിയറ വച്ചുകൊണ്ടിരിക്കുകയാണ്. കാലാന്തരത്തിൽ ഭാരതത്തിന് സാമ്രാജ്യത്വശക്തികളുടെ അടിമത്തത്തിന്റെ വിഴുപ്പുഭാണ്ഡം പേറേണ്ടിവരില്ലെന്നാരു കണ്ടു? ഇന്ന് ഏറ്റവുമധികം അഴിമതികൾ അരങ്ങേറുന്നത് പുരോഗതിയുടെ പേരിലാണ്. ഇതാണെങ്കിൽ 20 ശതമാനം ജനങ്ങളുടെ മാത്രവും. 80 ശതമാനം ആളുകൾക്ക് പുരോഗതി ഇന്നും മരീചികയായി തുടരുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മാറിമാറി ഭരിക്കുന്ന ജനപ്രതിനിധികൾ കൊള്ളയടിച്ചും കയ്യിട്ടുവാരിയും സ്വിസ്ബാങ്കിൽ നിക്ഷേപിക്കുന്ന ഭീമമായ തുകകൾ മാത്രം മതി ഭാരതത്തിന് ഒരു വികസിത രാഷ്ട്രമായിത്തീരാൻ.

കുടുംബബന്ധങ്ങൾക്ക് പുകൾപെറ്റ ഭാരതത്തിലും ഇന്ന് ബന്ധങ്ങൾ ശിഥിലമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നൂറുശതമാനം സാക്ഷരത അവകാശപ്പെടുന്ന കേരളം ഇന്ന് വിവാഹമോചനങ്ങളുടെ കണക്കിൽ മുൻപന്തിയിൽ നില്ക്കുന്നു. വർഗ്ഗീയതയുടെയും ജാതീയതയുടെയും തീവ്രവാദത്തിന്റെയും വിഷം വിതയ്ക്കാനുള്ള വളക്കൂറുള്ള മണ്ണായി പ്രതിലോമശക്തികൾ തിരഞ്ഞെടുത്തിരിക്കുന്നത് വിദ്യാർത്ഥികളുടെ മനസ്സാണ്. വളരെ ആകർഷകമായ ആശയങ്ങളായി തോന്നുമെങ്കിലും അതിന്റെ പിന്നിൽ ഒളിപ്പിച്ചിരിക്കുന്ന ക്രൂരദംഷ്ട്രകൾ തിരിച്ചറിയാതെ അനേകം വിദ്യാർത്ഥികൾ മസ്തിഷ്ക പ്രക്ഷാളനത്തിന് ഇരയായിത്തീർന്നുകൊണ്ടിരിക്കുന്നു. ഇത് കലാലയ രാഷ്ട്രീയത്തിന്റെ പേരിൽ സഹപാഠികളെ കൊലപ്പെടുത്തുന്ന നിലയിൽവരെ എത്തിയിരിക്കുകയാണ്. സംസ്കാരത്തിന്റെ കാവലാൾ എന്ന പൊയ്മുഖം അണിഞ്ഞുകൊണ്ട് വ്യക്തിതാൽപര്യം സംരക്ഷിക്കുന്നതിനായി സാധാരണജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും വർഗ്ഗീയ വിഷം കുത്തിനിറയ്ക്കുകയുമാണ് വർഗ്ഗീയ സംഘടനകൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഭാരതത്തിന് ബ്രിട്ടീഷ് ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചെങ്കിലും അവർ വിതച്ചിട്ടുപോയ ഭിന്നതയിൽ നിന്നുമുള്ള സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല.

ബൈബിളിലുടനീളം കാണുന്ന ഒരു സന്ദേശമാണ് വിമോചനം. യിസ്രായേൽ ജനതയുടെ ഈജിപ്തിന്റെയും ബാബിലോണിന്റെയും അടിമത്തത്തിൽ നിന്നുള്ള വിമോചനം വളരെ പ്രധാനപ്പെട്ട സംഭവങ്ങളായി ചിത്രീകരിച്ചിരിക്കുന്നു. ദൈവത്തെ ഒരു വിമോചകനായി വേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിനുവേണ്ടി ശബ്ദിച്ച പ്രവാചകന്മാരുടെ സന്ദേശങ്ങളുടെയെല്ലാം ഉള്ളടക്കം നീതിയും ന്യായവും സ്ഥാപിക്കപ്പെടുക എന്നതാണ്. സ്രഷ്ടാവായ ദൈവം മനുഷ്യനെ അടിമയാക്കുന്ന വ്യവസ്ഥയ്ക്കെതിരാണ്. മനുഷ്യന്റെ സ്വാതന്ത്ര്യമാണ് ദൈവത്തിനിഷ്ടപ്പെട്ട ഉപവാസമായി യെശയ്യാ പ്രവാചകൻ പ്രഖ്യാപിച്ചിരിക്കുന്നത് (യെശ. 58:6) കൂടാതെ സമത്വസുന്ദരമായ ഒരു വ്യവസ്ഥിതി ദൈവം ജനത്തിനു നല്കിയിരിക്കുന്നു (ലേവ്യ. 25). ദൈവം വിളംബരം ചെയ്യുന്ന സ്വാതന്ത്ര്യം രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും ആത്മീയവുമായ ഒന്നാണ്.

യേശുക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ കാതലായ സന്ദേശം മനുഷ്യ വർഗ്ഗത്തിന്റെ വിമോചനമായിരുന്നു. ദൈവരാജ്യം ഭൂമിയിലേക്ക് വന്നത് അതിന്റെ മുഴു ശക്തിയോടെയും കൂടിയായിരുന്നു. യേശു സാത്താന്റെ അധികാരത്തെയും ശക്തിയെയും നിർവ്വീര്യമാക്കുകയും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തു. അടിമത്തം ഒരു അവസ്ഥയാണ്. അടിമയാകാൻ ഒന്നും ചെയ്യേണ്ടതില്ല സ്വതന്ത്രനാകാൻ ശ്രമിക്കാതിരുന്നാൽ മാത്രം മതി. അടിമയ്ക്ക് ഒന്നും തീരുമാനിക്കേണ്ട, ഒന്നും തിരഞ്ഞെടുക്കേണ്ട അനുസരിക്കുകമാത്രം ചെയ്താൽ മതി. പാപത്തിനും പിശാചിനും അടിമകളായവരെ യേശു സ്വതന്ത്രരാക്കുന്നു. മനുഷ്യന്റെ വ്യക്തിത്വത്തെ വികലമാക്കുന്ന സകല തിന്മയുടെ ശക്തികൾക്കെതിരെയുള്ളതാണ് ദൈവരാജ്യത്തിന്റെ പ്രവർത്തനം. ദൈവരാജ്യത്തിന്റെ വിമോചന സന്ദേശം മനുഷ്യഹൃദയങ്ങളിൽ മാത്രമല്ല പരിവർത്തനം സൃഷ്ടിച്ചത് ശരീരങ്ങളിൽ കൂടിയായിരിക്കുന്നു. അപ്പൊസ്തലന്മാരുടെ ശുശ്രൂഷകളിലും ഇത് പ്രകടമായിരുന്നു.

യേശുക്രിസ്തു സമാരംഭിച്ച ദൈവരാജ്യത്തിന്റെ പ്രവർത്തനം തുടരാൻ തിരഞ്ഞെടുക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമായ ദൈവസഭ ഇന്ന് എത്രത്തോളം ദൗത്യനിർവ്വഹണത്തിൽ പങ്കാളിത്തം വഹിക്കുന്നുണ്ട്. സ്ഥാപനവത്കരണം നിമിത്തം സഭകൾ ദൗത്യത്തിൽ നിന്നും അകന്നുപോകുന്നു. നിറത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾ സഭകൾക്കകത്തും പുറത്തും ഒരുപോലെതന്നെ. വിമോചകരായിരിക്കേണ്ട സഭകൾ മർദ്ദകരായി തീർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ സഭകൾക്ക് ഒരു മാനസാന്തരം ആവശ്യമായി വന്നിരിക്കുകയാണ്. തിന്മകൾക്കും സാമൂഹിക പ്രശ്നങ്ങൾക്കും എതിരെ നിശബ്ദത പാലിക്കുന്നത് അവയെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമാണ്.

ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം എന്തും ചെയ്യുവാനും എങ്ങനെയും ജീവിക്കുവാനുള്ള സ്വാതന്ത്ര്യമല്ല പാപത്തിന്റെ ശക്തിയിൽ നിന്നും സാത്തന്റെ ബന്ധനങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യം ഒരുവനെ കൂടുതൽ ഉത്തരവാദിത്തമുള്ളവനായിരിക്കാനും ദൈവോന്മുഖ ജീവിതത്തിനും ക്ഷണിക്കുന്നു.

സ്വതന്ത്രരായവർ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കാൻ കടപ്പെട്ടിരിക്കുന്നു. സമൂഹത്തോട് പുറംതിരിഞ്ഞുനില്ക്കുന്ന പ്രവണതയെ വിലക്കുന്നതിനോടൊപ്പം ക്രിസ്തുവിന്റെ പുത്രങ്ങളായി സമൂഹത്തിൽ നിലനിൽക്കാൻ ദൈവവചനം അനുശാസിക്കുന്നു. ആയതിനാൽ ക്രിസ്തുവിന്റെ അനുയായികളായ നമുക്ക് ദൈവരാജ്യത്തിന്റെ വക്താക്കളായി പ്രവർത്തിക്കാം. ജി.എം.ഐയുടെ എല്ലാ അഭ്യുദയകാംക്ഷികൾക്കും സ്വാതന്ത്ര്യ ദിനാശംസകൾ. ♦

*(1-ാം പേജിന്റെ തുടർച്ച....(ഉദ്ഘാടന..)*

സഭാഹാൾ ആവശ്യമാണ്. കൂടാതെ ഇവിടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആശ്രമത്തിലൂടെ സഹജീവികളിലേയ്ക്ക് ദൈവസ്നേഹം പകരാൻ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും, സാധുക്കളായ ജനസമൂഹത്തെ പ്രബുദ്ധരാക്കാനും ഉദ്ധരിക്കാനുമായി ഗുരുകുലം വിദ്യാപീഠം, ലിഡിയ ടെയിലറിംഗ് സ്കൂൾ (സൗജന്യ തയ്യൽ പരിശീലനം), ശ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിംഗ് (സൗജന്യ കമ്പ്യൂട്ടർ പരിശീലനം) പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ ദൈവകൃപയിൽ ആശ്രയിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഒക്ടോബർ 25-ാം തീയതി ഉദ്ഘാടനം നിർവ്വഹിക്കണം എന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസത്താൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകണമെങ്കിൽ വലിയൊരു തുക ഇനിയും ആവശ്യമാണ്. ഇത്രയും പൂർത്തീകരിക്കുവാൻ സാധിച്ചത് ദൈവാനുഗ്രഹത്താലും ധാരാളം ദൈവമക്കളുടെ സഹായത്താലും അകമഴിഞ്ഞ പ്രാർത്ഥനയാലുമാണ്. ദൈവരാജ്യ വിസ്തൃതിക്കുവേണ്ടിയുള്ള ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ദൈവമക്കളുടെ പ്രാർത്ഥനയും നിർലോഭമായ സഹായ സഹകരണങ്ങളും തുടർന്നും പ്രതീക്ഷിക്കുന്നു. ♦

## വികലാംഗ സൗഖ്യമായി



മദ്ധ്യപ്രദേശിലെ ഡിൻഡോരി ജില്ലയിലെ ജി.എം.ഐ മിഷണറിയാണ് സഹോദരൻ ജിയലാൽ മരാവി. വിവിധ ഗ്രാമങ്ങളിൽ കടന്നുപോയി സുവിശേഷം അറിയിക്കുകയും ഭവന പ്രാർത്ഥനകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. പിൻട്രുസി ഗ്രാമത്തിലെ ഒരു വീട്ടിൽ പ്രാർത്ഥനാ കൂട്ടായ്മ നടത്തിക്കൊണ്ടിരുന്നപ്പോൾ ഭ്രേംനതിബായി എന്നു പേരുള്ള ഒരു വ്യക്തി കടന്നുവന്നു. ആ സഹോദരി കാലുകൾക്ക് ശേഷിയില്ലാതെ നടക്കാൻ കഴിവില്ലാത്ത വികലാംഗയായിരുന്നു. എല്ലാവരും ആ സഹോദരിയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചു. ജന്മനാലുള്ള ആ വൈകല്യം പൂർണ്ണമായും സൗഖ്യമായി. ഇപ്പോൾ യാതൊരു വൈകല്യങ്ങളുമില്ലാതെ നടക്കുകയും പൂർണ്ണ ആരോഗ്യവതിയായും ആയിരിക്കുന്നു. യേശുവിന്റെ നാമത്തിൻ ശക്തി ഇന്നും ജനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.



# പ്രാർത്ഥനയിൽ കാത്തിരിക്കുക

*ഡോ. ഡി.ജെ. അജിത്കുമാർ*

കഴിയുന്നിടത്തോളം അപേക്ഷകൾ ദൈവമുൻപിൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് എറിഞ്ഞിട്ട് ധൃതിയിൽ എഴുന്നേറ്റ് പോകുന്നതല്ല പ്രാർത്ഥന. നിരർത്ഥകമായ ആവർത്തനംകൊണ്ട് സമയം പാഴാക്കാതെ, ദൈവസന്നിധിയിൽ മിണ്ടാതെ കാത്തിരുന്ന് സമയം ചെലവഴിക്കേണ്ടതാണ്. ദൈവസന്നിധിയിൽ കാത്തിരിക്കുന്നവരാണ് ശക്തി പ്രാപിക്കുന്നത്. ഈ കാത്തിരിപ്പ് നിശബ്ദതയാണ്. ധ്യാനാത്മകമാണ്. മിണ്ടാതിരുന്ന് ദൈവത്തിന്റെ അത്ഭുതങ്ങളെ ചിന്തിക്കുന്നതാണ് (ഇയ്യോ. 37:14). പ്രാർത്ഥനയിൽ മിണ്ടാതെ കാത്തിരിക്കുവാൻ പറയുന്ന എത്രയോ വചനങ്ങളെ കാണാൻ കഴിയും (സങ്കീ. 4:4, 5:3, 33:20, 37:7, 46:10, 62:1, 5, 123:2, 130:5,6; യെശ. 25:9, 33:2, 30:15, 18, 40:31, 45:1; വിലാ. 3:25,26; ഹോശേ. 12:6; മീഖാ. 7:7; ഹബ. 2:10; സെഫ. 1:7; സെഖ. 2:13).

"ഉണർവ്വ് എന്തുകൊണ്ട് താമസിക്കുന്നു" എന്ന പുസ്തകം എഴുതിയ ലിയോനാർഡ് റാവൻഹിൽ എന്ന ദൈവദാസൻ പ്രാർത്ഥനയിൽ കാത്തിരിക്കുന്നതിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "ഏതെങ്കിലും ഒരു മനുഷ്യൻ ബ്രഡും വെള്ളവും മാത്രം കഴിച്ചുകൊണ്ട് ബൈബിൾ അല്ലാതെ മറ്റൊരു ബുക്കും ഇല്ലാതെ പരിശുദ്ധാത്മാവല്ലാതെ മറ്റൊരു സന്ദർശകരും ഇല്ലാതെ ഒരാഴ്ച ഒരു മുറിയിൽ ഇരിക്കുമെങ്കിൽ, അല്ലയോ പ്രസംഗിക്കുന്ന സഹോദരന്മാരേ, ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു നിങ്ങൾ നിശ്ചയമായും സമ്പൂർണ്ണമായി മാറ്റിമറിക്കപ്പെടും-തകർക്കപ്പെടും-അതിനുശേഷം പൗലൊസിനെപ്പോലെ നിങ്ങളും നരകത്തിൽപ്പോലും അറിയപ്പെടുന്ന വ്യക്തിയായി മാറും". സെഖര്യാസ് റ്റാനി ഫോമം എന്ന അനുഗ്രഹീത ദൈവദാസൻ പറയുന്നത് ഇപ്രകാരമാണ്: "നിങ്ങൾക്ക് അഞ്ചു മിനിട്ട് സമയമേ പ്രാർത്ഥിക്കുവാൻ ഉള്ളുവെങ്കിൽ അതിൽ മൂന്ന് മിനിട്ട് കാത്തിരിക്കുവാനും രണ്ട് മിനിട്ട് നിങ്ങളുടെ ആവശ്യങ്ങൾ പറയുവാനും മാറ്റിവയ്ക്കാം". പോൾ റ്റേർണിയർ എന്ന ദൈവദാസൻ കാത്തിരിക്കുന്നതിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: "ദൈവത്തിൽ നിന്ന് ശ്രദ്ധിക്കുവാൻ കാത്തിരിക്കുന്നത് വളരെ പ്രാധാന്യമുള്ളതാണ്. ഒരിക്കൽ ഒരാൾ എന്നെ കാണാൻ വന്നു അദ്ദേഹം തന്റെ പ്രശ്നങ്ങളെക്കുറിച്ച് ഒരു മണിക്കൂർ സമയം എന്നോട് സംസാരിച്ചു. അടുത്ത ആഴ്ചയിൽ അദ്ദേഹം പിന്നെയും എന്റെയടുക്കൽ വന്നു. അന്ന് ഞാൻ അദ്ദേഹത്തോട് ഒരു മണിക്കൂർ സമയം സംസാരിച്ചു. അതിനടുത്ത ആഴ്ച അദ്ദേഹം പിന്നെയും എന്നെ കാണാൻ വന്നു. അന്ന് ഞാൻ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: ഇന്ന് നമുക്ക് നിശബ്ദമായിരിക്കാം. നമ്മോട് പറയുവാനുള്ളത് ദൈവം പറയട്ടെ. ഒരു മണിക്കൂറിലെ നിശബ്ദതയ്ക്കു ശേഷം തന്റെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്ന് ദൈവം അദ്ദേഹത്തിന് കാണിച്ചുകൊടുത്തു". കാത്തിരിപ്പിനെക്കുറിച്ച് സി.എച്ച്. സ്പർജൻ ഇപ്രകാരം പറയുന്നു: "ഒരാൾ ഒരാളിനോട് മാത്രം സംസാരിക്കുന്നതല്ല പ്രാർത്ഥന. നിരാശയോടെ നിലം പൊത്തി കുനിഞ്ഞ് ഉൾവലിഞ്ഞ് ഇരിക്കുന്നതുമല്ല പ്രത്യുത സഹായം വരുന്ന പർവ്വതങ്ങളിലേക്ക് നോക്കിക്കൊണ്ട് കാത്തിരിക്കുന്നതാണ് പ്രാർത്ഥന". ഡി.എൽ. മൂഡി ഈ വിഷയത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "എപ്പോഴൊക്കെ നാം പ്രാർത്ഥിക്കുമോ അപ്പോഴൊക്കെ ഒരു ഉത്തരം പ്രതീക്ഷിച്ചേതീരൂ. അതിനുവേണ്ടി നമുക്ക് കാത്തിരിക്കാം". ദാസന്റെ കണ്ണ് യജമാനന്റെ കൈയ്യിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കൈയ്യിലേക്കും എന്നപോലെ ദൈവം നമ്മോട് കൃപ ചെയ്യുവോളം അവിടത്തേക്ക് നോക്കിക്കൊണ്ടിരിക്കണം. അഥവാ കാത്തിരിക്കണം (സങ്കീ. 123:2).

**കഴിയുന്നിടത്തോളം അപേക്ഷകൾ ദൈവമുൻപിൽ ഏറ്റവും കുറഞ്ഞസമയം കൊണ്ട് എറിഞ്ഞിട്ട് ധൃതിയിൽ എഴുന്നേറ്റ് പോകുന്നതല്ല പ്രാർത്ഥന. നിരർത്ഥകമായ ആവർത്തനംകൊണ്ട് സമയം പാഴാക്കാതെ, ദൈവസന്നിധിയിൽ മിണ്ടാതെ കാത്തിരുന്ന് സമയം ചെലവഴിക്കേണ്ടതാണ്. ദൈവസന്നിധിയിൽ കാത്തിരിക്കുന്നവരാണ് ശക്തി പ്രാപിക്കുന്നത്. ഈ കാത്തിരിപ്പ് നിശബ്ദതയാണ്. ധ്യാനാത്മകമാണ്.**

വേദപുസ്തകത്തിലെ പ്രാർത്ഥനാവീരന്മാരെല്ലാം ദൈവസന്നിധിയിൽ കാത്തിരുന്നതായി കാണുന്നു. ഉദാഹരണമായി, ഒന്നാമത്, മോശെയെ നോക്കാം. ഒരു മനുഷ്യന്റെ ശവത്താൽ അശുദ്ധനായി തീർന്നിട്ട് പെസഹ ആചരിക്കുവാൻ കഴിയാത്ത ചിലരുണ്ടായിരുന്നു. ആ വിഷയം ചിലർ മോശെയോട് അറിയിച്ചപ്പോൾ അദ്ദേഹം ദൈവത്തിൽ നിന്ന് ആലോചനയ്ക്കായി കാത്തിരുന്നതായി കാണുന്നു (സംഖ്യ. 9:6,7,8). രണ്ടാമത്, ഒരിക്കൽ ചിലർ ശബ്ബത്തിൽ വിറക് പെറുക്കുന്നത് കണ്ട് മോശെയോട് അറിയിച്ചു. ഇതിനെക്കുറിച്ചുള്ള വ്യക്തമായ പ്രമാണം ലഭിക്കാത്തതുകൊണ്ട് ദൈവീക മറുപടിയ്ക്കായി മോശെ കാത്തിരുന്നു (സംഖ്യാ. 15:32-36). വേറൊരിക്കൽ സെലോഫഹാദിന്റെ മക്കൾ അവരുടെ അവകാശത്തെക്കുറിച്ച് മോശെയോട് അപേക്ഷിച്ചപ്പോൾ ആ വിഷയത്തെക്കുറിച്ചും ദൈവീകആലോചനയ്ക്കായി മോശെ കാത്തിരിക്കുന്നു (സംഖ്യ. 27:1-7). ദൈവത്തിന്റെ മഹത്വം കാണാനായി മോശെ ദൈവസന്നിധിയിൽ കാത്തിരുന്നതും (പുറ. 33:12-23) ദൈവത്തിന്റെ ന്യായപ്രമാണം ലഭിക്കാനായി ആറുദിവസം ദൈവസന്നിധിയിൽ കാത്തിരുന്നതും ഒടുവിൽ നാൽപ്പത്ദിവസം ദൈവം മോശെയോട് സംസാരിച്ചുകൊണ്ടിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട് (പുറ. 24:1-8, 15, 16, 25:1-9, 40, 27:8, 31:18). രണ്ടാംപ്രാവശ്യം ന്യായപ്രമാണത്തിനായി പിന്നെയും മോശെ നാൽപ്പതു ദിവസം ദൈവസന്നിധിയിൽ കാത്തിരുന്നു (ആവർ. 9:9, 10, 10:1-10, പുറ. 34:1-8). ഹായി പട്ടണം പിടിക്കുവാൻ സാധിക്കാതെ യിസ്രായേൽ മക്കൾ തോറ്റോടിയപ്പോൾ യോശുവ ദൈവസന്നിധിയിൽ കാത്തിരിക്കുന്നു (യോശു. 7:1-12). ദാവീദ് പലവട്ടം ദൈവസന്നിധിയിൽ കാത്തിരുന്നിട്ടുണ്ട്. ഫെലിസ്ത്യരെ തോൽപ്പിക്കേണ്ടതിന് അവരെ പിൻതുടരണമോ എന്ന് ദൈവത്തോട് ചോദിക്കുന്നു (1 ശമു. 23:1-5). അമാലേക്യരെ പിൻതുടരണമോ എന്ന് മറ്റൊരു പ്രാവശ്യം ദൈവത്തോട് ദാവീദ് ആലോചന ചോദിക്കുന്നു (1ശമു. 30:1-10). യഹൂദ്യ നഗരങ്ങളിലേയ്ക്ക് ചെല്ലണമോ എന്ന് ദാവീദ് മറ്റൊരു പ്രാവശ്യം ആലോചന ചോദിക്കുന്നു (2ശമു. 2:1-4). അദ്ദേഹത്തിന്റെ രാജ്യത്തിൽ മൂന്നുവർഷം തുടരെ ദാരിദ്ര്യം ഉണ്ടായപ്പോൾ അതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് ദൈവസന്നിധിയിൽ ദാവീദ് കാത്തിരുന്നു (2ശമു. 21:1-4). ദൈവത്തിന്റെ സന്നിധിയിൽ ആലോചനയ്ക്കായി ദാവീദ് കാത്തിരുന്നു എന്നോ എത്രനാളുകൾ കാത്തിരുന്നു എന്നോ ഈ ഭാഗങ്ങളിൽ വ്യക്തമാക്കുന്നില്ലെങ്കിലും തന്റെ നിർണ്ണായകമായ നിമിഷങ്ങളിൽ ദൈവത്തോട് ആലോചന ചോദിക്കുവാൻ സമയം മാറ്റിവച്ചതായുള്ള തെളിവുകളാണിതെല്ലാം. അപ്പൊസ്തലന്മാരും ദൈവശക്തിയ്ക്കായും ദൈവീക ആലോചനയ്ക്കായും കാത്തിരുന്നതായി മനസ്സിലാക്കാം (ലൂക്കൊ. 24:45-53, അപ്പൊ. 1:1-2;4, 4:23-31, 12:1-18; 13:1-5, 21:14). അപ്പൊസ്തലനായ പൗലൊസും ദൈവീകആലോചനയ്ക്കായി കാത്തിരുന്നതായുള്ള തെളിവുകൾ ഉണ്ട് (അപ്പൊ. 9:11,12, ഗലാ. 1:12, 15-18, 2:2). യേശു തന്റെ പരസ്യശുശ്രൂഷയ്ക്ക് മുമ്പായി ഉപവാസത്തോടെ മലയിൽ നാൽപ്പതുദിവസം കഴിഞ്ഞത് ശ്രദ്ധേയമാണ് (മത്താ. 4:1-15, ലൂക്കൊ. 4:1-15).

കാത്തിരിക്കുമ്പോഴാണ് ദൈവത്തിന്റെ ആലോചനകൾ അവിടുന്ന് നമുക്ക് വെളിപ്പെടുത്തി തരുന്നത്. പല അവസരങ്ങളിലും ദൈവശബ്ദം കേൾക്കുവാനും ദൈവീക വെളിപ്പാടുകൾ ലഭിക്കുവാനും എനിക്കിടയാക്കിട്ടുണ്ട്. ഞാൻ ദൈവവേല തുടങ്ങി രണ്ടു വർഷമായപ്പോൾ (1982-ൽ) എന്നെ തമിഴ്നാട് അരുമനയിലെ മാർത്തോമിഷൻഫീൽഡിലെ ചർച്ചിൽ ഒരു കൺവൻഷനിൽ ക്ഷണിച്ചു. മൂന്നാം ദിവസം പകൽ പ്രസംഗം തയ്യാറാക്കി ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, എന്റെ വീട്ടിനടുത്തുള്ള ഒരു പ്രായമായ സ്ത്രീയുടെ രൂപം എന്റെ മനസ്സിൽ തെളിഞ്ഞ് വന്നു. എനിക്കൊന്നും മനസ്സിലായില്ല. പിന്നേയും പിന്നേയും അതു ആവർത്തിച്ചുകൊണ്ടിരുന്നു. "ഈ സ്ത്രീയുടെ പേരുള്ള ഒരാൾ ഇന്ന് യോഗത്തിൽ വരും നീ അവർക്കായി പ്രാർത്ഥിക്കണം" എന്ന ഒരു ശക്തമായ ചിന്ത എന്റെ ഉള്ളിൽ വന്നു. ഇങ്ങനെയുള്ള ഒരു അനുഭവം എനിക്ക് ആദ്യമായിരുന്നു. അന്നത്തെ യോഗം തുടങ്ങി. ഞാൻ പ്രസംഗിച്ചു. ഈ സ്ത്രീയുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കാൻ ഒരു ഉൾപ്രേരണയുണ്ടായി. എന്നാൽ ഞാൻ പറഞ്ഞില്ല. എനിക്ക് പേടിയും സംശയവും തോന്നി. ആ കാലത്ത് ഡോ. ഡി.ജി.എസ് ദിനകരൻ കഴിഞ്ഞാൽ പേരുകൾ വിളിച്ച് വെളിപ്പെടുത്തുന്ന ഒരു ശുശ്രൂഷകരും ഉണ്ടായിരുന്നില്ല. അതിനാൽ തന്നെ അതു വെറുതെ ഒരു തോന്നലായിരിക്കും എന്നു ഞാൻ സംശയിച്ചു. പ്രസംഗം തീർന്നു. യോഗത്തിന്റെ അവസാനത്തെ പ്രാർത്ഥന നടക്കുമ്പോൾ പെട്ടെന്ന് ഒരു നിലവിളി കേട്ടു. ഒരു സ്ത്രീ നിലത്തുവീണു നിലവിളിക്കുന്നു. വൈദ്യുതി പോയി. ഉപദേശി ആശീർവാദം പറയുന്നതിന് മുമ്പ് തന്നെ ആൾക്കാർ എഴുന്നേറ്റു ഈ സ്ത്രീയുടെ ചുറ്റും കൂടി. ഉപദേശി എന്നോട് അവർക്കായി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. അവരുടെ ബന്ധുക്കളോട് ഞാൻ അവരുടെ പേരു ചോദിച്ചു. അപ്പോൾ കേട്ട ഉത്തരം എന്നെ അത്ഭുതപ്പെടുത്തി.

*(ശേഷം 4-ാം പേജിൽ)*

*(3-ാം പേജിന്റെ തുടർച്ച....(പ്രാർത്ഥന...)*

നേരത്തെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തി തന്ന അതേ പേര്. ഞാൻ അവർക്കായി പ്രാർത്ഥിച്ചു. അവർ എഴുന്നേറ്റിരുന്നു. പള്ളിയുടെ മുറ്റത്തായിരുന്നു യോഗം. മീറ്റിംഗ് തീർന്നിട്ടില്ലെന്നും തുടർന്ന് പ്രാർത്ഥിക്കുവാൻ ആവശ്യമുള്ളവർ പള്ളിക്കകത്തേക്ക് വരാമെന്നും ഉപദേശി പരസ്യപ്പെടുത്തി. ജനങ്ങൾ ആരും പോയില്ല. പിന്നേയും പള്ളിക്കുള്ളിൽ പ്രാർത്ഥനായോഗം തുടർന്നു. ഞാൻ എന്റെ അവിശ്വാസത്തെ ദൈവത്തോട് ഏറ്റു പറഞ്ഞു പ്രാർത്ഥിച്ചു. പിന്നെ ഇങ്ങനെയുള്ള അനുഭവങ്ങൾ എനിക്കു പലപ്പോഴും ഉണ്ടായി.

തിരുവനന്തപുരത്തിനടുത്ത് വട്ടപ്പാറയിൽ ഒരു മൈതാനത്ത് ഒരിക്കൽ ഞാൻ പ്രസംഗിക്കുമ്പോൾ, വിഷാദത്താൽ നിരാശപ്പെട്ടുപോയ ഒരു യുവാവിനു വേണ്ടി പ്രാർത്ഥിക്കുവാനുള്ള ഒരു പ്രേരണ ഉണ്ടായി. അദ്ദേഹത്തിന്റെ പേരും എന്റെ മനസ്സിൽ തെളിഞ്ഞുവന്നു. ആദ്യം ഞാനത് പറയാതിരിക്കാൻ ശ്രമിച്ചു. എന്നാൽ ശക്തമായ ആത്മപ്രേരണ ലഭിച്ചതുകൊണ്ട് ഞാനത് പറഞ്ഞു പ്രാർത്ഥിച്ചു. പക്ഷേ ആരും പ്രതികരിച്ചില്ല. എനിക്കു സംശയവും വിഷമവും തോന്നി. യോഗം അവസാനിച്ചു. പിറ്റേ ദിവസം രാവിലെ ഞാൻ താമസിച്ച വീട്ടിൽ ഒരു യുവാവു വന്നു നിൽക്കുന്നു. അദ്ദേഹം തന്നെ പരിചയപ്പെടുത്തി. തലേദിവസം നടന്ന യോഗത്തിൽ പങ്കെടുത്തിരുന്നുവെന്നും, അന്നു രാത്രി പറഞ്ഞത് തന്നെ കുറിച്ചാണെന്നും, ലജ്ജ തോന്നിയിട്ടാണ് മുന്നിലേക്കു വരാത്തതെന്നും പറഞ്ഞു. അദ്ദേഹം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പൊളിറ്റിക്കൽ സയൻസ് ഡിഗ്രിക്കു മൂന്നാംവർഷം പഠിക്കുകയായിരുന്നു. ഞാൻ അയാൾക്കായി പ്രാർത്ഥിച്ചു. ദൈവം തന്റെ ദിവ്യ സമാധാനത്താൽ അദ്ദേഹത്തെ നിറച്ചു. പിന്നെ അദ്ദേഹം എന്റെ വീട്ടിൽ സ്ഥിരം സന്ദർശകനായി. അദ്ദേഹം ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ഒരു ദൈവവേലക്കാരനായി മാറി. ഇന്ന് ബിലിവേഴ്സ് ചർച്ചിന്റെ ഒരു പാസ്റ്ററായിരിക്കുന്നു. മറ്റൊരു സംഭവം പറയട്ടെ. ആന്ധ്രാപ്രദേശിലെ നെല്ലൂരിൽ ഒരു യോഗം നടക്കുകയായിരുന്നു. നാലാം ദിവസം യോഗത്തിന് മുൻപ് ഞാൻ മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വ്യക്തിക്കായി പ്രാർത്ഥിക്കാൻ ശക്തമായ പ്രേരണ ഉണ്ടായി. കുടുംബജീവിതം തകർന്ന് നിരാശയിൽ ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീയുടെ വിടുതലിനുവേണ്ടി പ്രാർത്ഥിക്കുവാനാണ് പ്രേരണ ലഭിച്ചത്. അവളുടെ പേരു പറഞ്ഞു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. യോഗത്തിൽ ഞാൻ സ്റ്റേജിൽ വന്നപ്പോൾ തന്നെ, മറന്നുപോകുന്നതിന് മുൻപ്, അവളുടെ പേരു പറഞ്ഞു ഞാൻ പ്രാർത്ഥിച്ചു. പെട്ടെന്ന് അരസാരിയുടുത്ത ഒരു പെൺകുട്ടി എഴുന്നേറ്റ് മുന്നിലേക്ക് വേഗത്തിൽ വരുന്നത് ഞാൻ കണ്ടു. കുടുംബജീവിതം തകർന്ന സ്ത്രീ ഇതായിരിക്കില്ല എന്നു ഞാൻ കരുതി. ഞാൻ ഒരിക്കൽ കൂടെ അതെടുത്ത് പറഞ്ഞു. പരിഭാഷപ്പെടുത്തുന്നയാളിനോട് വ്യക്തമായി പറയാൻ പറഞ്ഞു. അപ്പോഴേയ്ക്കും പൊട്ടിക്കരഞ്ഞുകൊണ്ട് ആ സ്ത്രീ മുമ്പിൽ വന്നു കഴിഞ്ഞിരുന്നു. അത് അവരാണെന്ന് അവർ പറഞ്ഞു. അരസാരി ധരിച്ചത് കണ്ടാണ് അവർ ആയിരിക്കില്ല എന്ന് ഞാൻ സംശയിച്ചത്. എന്നാൽ അവരുടെ ഭർത്താവ് ഉപേക്ഷിച്ചുപോയെന്നും, ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചിരിക്കുകയാണെന്നും അവർ വിശദീകരിച്ചു. ആ മൈതാനത്തിൽ കൂടിയ എല്ലാവരും ചേർന്ന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അന്നത്തെ രാത്രി വലിയ ഉണർവ്വും പ്രാർത്ഥനയും നടന്നു. ഉത്തർപ്രദേശിലെ മീറ്റിൽ കഴിഞ്ഞവർഷം (2011) ഒരു യോഗത്തിലുണ്ടായ അനുഭവം ഇങ്ങനെയായിരുന്നു: സാമ്പത്തിക തകർച്ചയുണ്ടായിട്ട് വീട് നഷ്ടപ്പെട്ട് നിരാശപ്പെട്ടിരിക്കുന്ന ഒരാളിന്റെ പേര് എന്റെ മനസ്സിൽ വന്നു കൊണ്ടിരുന്നു. പ്രസംഗം തുടങ്ങുന്നതിന് മുൻപ് തന്നെ ഞാൻ അതു വിളിച്ചു പറഞ്ഞു. അന്ന് പതിനായിരത്തോളം പേർ യോഗത്തിലുണ്ടായിരുന്നു. ഒരു മനുഷ്യനും, അദ്ദേഹത്തിന്റെ ഭാര്യയും, മകനും മുമ്പിലേക്ക് കണ്ണുനീരോടു കൂടെ വന്നു. അദ്ദേഹം ഒരു മെഡിക്കൽ ഡോക്ടർ ആയിരുന്നു. കടഭാരത്താൽ ഭവനം നഷ്ടപ്പെട്ട് നിരാശപ്പെട്ട് ജീവിതം വഴിമുട്ടിപ്പോയ അനുഭവം അവർ സ്റ്റേജിൽ വന്നു പങ്കുവച്ചു. സകലബുദ്ധിയേയും കവിയുന്ന സമാധാനത്താൽ ദൈവം അന്ന് അവരെ നിറച്ചു. കർത്താവിന്റെ ഒരു സാക്ഷിയാക്കി ദൈവം അവരെ മാറ്റി. ആത്മഹത്യ ചിന്തയിൽ നിന്നും ദൈവം അവരെ വിടുവിച്ചു. ക്രമേണ കടഭാരങ്ങൾ മാറി. ഇപ്പോൾ ഇടയ്ക്കിടക്ക് അവർ എന്നെ ഫോണിൽ ബന്ധപ്പെടാറുണ്ട്. ആ സംഭവം അവർക്കൊരു വലിയ വിടുതലായിരുന്നു. ഇതുപോലുള്ള അനേകം അനുഭവങ്ങൾ എന്റെ ശുശ്രൂഷകളിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം ശുശ്രൂഷകൾ അനേകർക്ക് വിടുതലായി തീരുന്നുണ്ടെങ്കിലും പലരും ഈ ശുശ്രൂഷ ദുർവിനിയോഗം ചെയ്യുന്ന അനുഭവങ്ങളും ഉണ്ടാകുന്നുണ്ട്. ചിലരുടെ ശുശ്രൂഷകളിൽ വെളിപ്പാടുകൾ എന്ന പേരിൽ, ദൈവശബ്ദം കേൾക്കാതെ, സ്വന്തം മനസ്സിൽ തോന്നുന്നതുപോലെ പറയുന്ന അനുഭവങ്ങൾ ഉണ്ടായപ്പോൾ ദൈവനാമം മഹത്വപ്പെടുന്നതിന് പകരം ദുഷിക്കപ്പെടാൻ കാരണമായതായി ഞാൻ മനസ്സിലാക്കി. അതുകൊണ്ട് ഇത്തരം ശുശ്രൂഷകളെ പലരും ശക്തമായി വിമർശിക്കുകയും അവിശ്വസിക്കുകയും ചെയ്യുവാൻ തുടങ്ങി. അപ്പോഴാണ് ഇത്തരം ശുശ്രൂഷകളെ ഞാൻ ഒഴിവാക്കുവാൻ തുടങ്ങിയത്.

കർത്താവിന്റെ വരവിനെക്കുറിച്ച് അവിടുന്ന് പറഞ്ഞ് അവസാനിപ്പിക്കുന്നത് ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാനായി ആഹ്വാനം നൽകികൊണ്ടാണ്. ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നതും ഒരുതരം കാത്തിരുന്ന് പ്രാർത്ഥിക്കുന്നതിന് തുല്യമാണ് (മത്താ. 24:42,43, 25:13, 26:41, മർ. 11:33–37, ലൂക്കൊ. 21:36, കൊലൊ. 4:2). കാത്തിരുന്ന് പ്രാർത്ഥിക്കുമ്പോൾ ശക്തി പുതുക്കപ്പെടുകയും ദൈവീകആലോചനകൾ വെളിപ്പെട്ടു ലഭിക്കുകയും ചെയ്യും. അതുകൊണ്ടാണ് ദൈവവചനം ഇപ്രകാരം പറയുന്നത്: യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും (യെശ. 40:31). ✷

---

*(11-ാം പേജിന്റെ തുടർച്ച....)*

(സംഖ്യ. 17:8). അത് തളിർത്ത് ഫലം പുറപ്പെടുവിച്ചു. യിരെമ്യാവിന് ഉണർന്നു പ്രവർത്തിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് യഹോവ ഒരു ബദാം കമ്പ് ദർശനത്തിൽ കാണിക്കുന്നു (യിരെ. 1:11–13). ജാഗരിച്ചും ധ്യാനിച്ചും പ്രവർത്തിക്കുന്ന വിശ്വാസിയുടെ പ്രതീകമാണ് ബദാം വൃക്ഷം. ബദാം പുഷ്പത്തിന്റെ മാതൃകയിലാണ് സമാഗമനകൂടാരത്തിന്റെ നിലവിളക്കിന്റെ ശാഖകളിലെ പുഷ്പപുടങ്ങൾ (പുറ. 25:33).

മധ്യപൂർവ്വ ദേശത്ത് സമൃദ്ധിയായി വളരുന്ന ഈത്തപ്പനകൾ അവിടത്തെ സുപ്രധാന വിളവുകളിൽ ഒന്നാണ്. ഒരു വിശുദ്ധ വൃക്ഷമായി അതിനെ കണക്കാക്കിയിരുന്നു. ദെബോറ എന്ന പ്രവാചകിയും ന്യായാധിപയുമായി സ്ത്രീ ഈത്തപ്പനയുടെ കീഴിൽ ഇരുന്ന് ഇസ്രായേലിന് ന്യായപാലനം നടത്തി (ന്യായ. 4:5). കർത്താവ് വിജയശ്രീലാളിതനായി യരുശലേമിലേയ്ക്ക് പ്രവേശിച്ചപ്പോൾ ജനം കുരുത്തോലകൾ പിടിച്ച് ആർപ്പു വിളിച്ചു. വിജയഭേരി മുഴക്കുന്ന സ്വർഗ്ഗീയഗണം കുരുത്തോല പിടിച്ച് ആരാധിക്കുന്നത് വെളിപ്പാടു പുസ്തകത്തിൽ ദർശിക്കുന്നു (7:9). സങ്കീർത്തനക്കാരൻ പാടുന്നത് നീതിമാൻ പനപോലെ തഴച്ചു വളരുമെന്നാണ് (92:12). ജലപ്രളയത്തിൽ നിന്ന് രക്ഷപ്പെടാൻ നോഹ പെട്ടകം നിർമ്മിച്ചത് ഗോഫർ മരം കൊണ്ടായിരുന്നു. കടുപ്പമേറിയ തടിയും എന്നും പച്ചപ്പ് കാത്തുസൂക്ഷിക്കുന്ന മരമാണ് ഇത്. വളരെക്കാലം കേടുകൂടാതെ നിൽക്കുന്ന തടിയായതിനാലാണ് പെട്ടകം നിർമ്മിക്കുവാൻ ഗോഫർ മരം ഉപയോഗിച്ചത്. ജലപ്രളയത്തെ ന്യായവിധിയോടും പെട്ടകത്തെ യേശുക്രിസ്തുവിനോടും പൗലൊസ് അപ്പൊസ്തലൻ സാദൃശ്യപ്പെടുത്തുന്നുണ്ട്.

ദേവദാരു മരങ്ങൾ വളരെ ബലമുള്ളതും നൂറടിയിൽ കൂടുതൽ ഉയരത്തിൽ വളരുന്നതുമാണ്. ലെബാനോനിലെ ദേവദാരു മരങ്ങളാണ് ലോകത്തിൽ ഏറ്റവും ഉയരത്തിൽ വളരുന്നത്. നീതിമാൻ ലെബാനോനിലെ ദേവദാരു പോലെ വളരുമെന്ന് സങ്കീർത്തനക്കാരനെ ഉദ്ധരിച്ച് നാം പാടുന്നുണ്ടല്ലോ (സങ്കീ.92:12).

ബാഖാ മരങ്ങൾ വിശ്വാസികൾക്ക് ശ്രേഷ്ഠമായ അനുഭവങ്ങളെ പ്രദാനം ചെയ്യുന്നതായി ബൈബിളിൽ നിന്ന് പഠിക്കാവുന്നതാണ്. ബാഖാ മരങ്ങൾക്ക് പഴയ നിയമത്തിൽ ദിവ്യത്വം സങ്കൽപ്പിച്ചിരിക്കുന്നു. വൃക്ഷക്കാവുകൾ ഉണ്ടാക്കുവാൻ ഉപയോഗിച്ചിരുന്നു (ഹോശേ. 4:13). ആടുകൾ ചനയേൽക്കുമ്പോൾ യാക്കോബ് ബാഖാക്കമ്പുകൾ കാണിക്കുന്നു (ഉല്പ. 30:37).

രഫയിം താഴ്‌വരയിൽ ദാവീദിനെ ആക്രമിക്കുവാൻ ഫെലിസ്ത്യർ വന്നു വളഞ്ഞപ്പോൾ ദാവീദു സഹായത്തിനായി അപേക്ഷിച്ചു. ദൈവത്തിന്റെ അദൃശ്യ സൈന്യം മാർച്ചു ചെയ്യുന്നതായി ദാവീദിന് അനുഭവപ്പെടുന്നു. അത് ബാഖാ മരങ്ങളുടെ ഇലകളിൽ നിന്നുള്ള മർമ്മര ശബ്ദമായിരുന്നു. അങ്ങനെ ദാവീദു ധൈര്യം പ്രാപിച്ചു (2ശമു. 5:23). ദൈവമക്കളുടെ ജീവിതത്തിൽ കണ്ണുനീർത്താഴ്‌വരകളും ബാഖാ താഴ്‌വരകളും വന്നു ചേരുമ്പോൾ - ശത്രുക്കൾ ഞെരുക്കുമ്പോൾ - യഹോവയായ ദൈവത്തിന്റെ അദൃശ്യ സൈന്യം ചുറ്റും കാവൽ നിന്ന് സഹായിക്കുന്ന ശ്രേഷ്ഠമായ അനുഭവം പ്രാപിക്കാൻ ഈ ഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

'തോമസിന്റെ സുവിശേഷം' എന്ന അപ്പോക്രിഫൽ പുസ്തകത്തിൽ ഏദൻതോട്ടത്തിൽ അഞ്ചുതരം വൃക്ഷങ്ങളുണ്ടായിരുന്നതായി പറയുന്നു. ഇവയുടെ ഇലകൾ വാടാത്തതും ഒരിക്കലും ഉണങ്ങി താഴെ വീഴാത്തതും ആയിരുന്നത്രെ. ആദിമ സഭയിലെ ചില പിതാക്കന്മാർ ഈ അഭിപ്രായമുള്ളവരായിരുന്നുവെന്ന് കാണുന്നു. പഞ്ചേന്ദ്രിയങ്ങളെ സൂചിപ്പിക്കുന്ന അഞ്ച് മരങ്ങളെ അവ പ്രതിനിധാനം ചെയ്യുന്നുവെന്ന് വിശദീകരണം.

വൃക്ഷങ്ങളുടെ സുവിശേഷം മകുടം പ്രാപിക്കുന്നത് ഗാഗുൽത്താമലയിൽത്തന്നെ. ക്രിസ്തു മരത്തിന്മേൽ തൂക്കപ്പെട്ട് രക്തം വാർന്നൊഴുകിയപ്പോഴാണല്ലോ മനുഷ്യവർഗ്ഗത്തിന് രക്ഷയുണ്ടായത്. കാനാവിൽ വച്ച് വെള്ളത്തെ വീഞ്ഞാക്കിയവൻ കാൽവരിയിൽ തന്റെ രക്തത്തെ രക്ഷാകരമായ കാസായിലെ കലർപ്പാക്കി സ്വന്തം മണവാട്ടി സഭയ്ക്ക് സൗജന്യമായി നൽകിയല്ലോ. പറുദീസായുടെ വാതിലുകൾ അന്ന് തുറക്കപ്പെട്ടല്ലോ.

പറുദീസാ എന്ന വാക്ക് പർദേസ് എന്ന എബ്രായ പദത്തിൽ നിന്ന് ഉത്ഭവിച്ചതാണ്. വൃക്ഷങ്ങളുടെ തോട്ടം എന്നാണ് അർത്ഥം. ഏദൻതോട്ടത്തിലെ ഇടതൂർന്നു നിൽക്കുന്ന മരങ്ങൾ പോലെ സ്വർഗ്ഗീയാനുഭവങ്ങൾ പ്രാപിക്കുവാൻ വിശ്വാസികൾക്ക് ദൈവം വരം കൊടുത്തിരിക്കുന്നു. ✷



# നിശബ്ദത

റവ. എ. ജ്ഞാനദാസൻ

**നി**ശബ്ദത അഥവാ മൗനം എന്നതിന്റെ മുഖവുര നാം കഴിഞ്ഞ ലക്കത്തിലൂടെ മനസ്സിലാക്കിയല്ലോ. നിശബ്ദതയുടെ ചില പ്രത്യേകതകളും പ്രാവർത്തിക ശക്തിയേയും കുറിച്ച് തുടർന്ന് ചിന്തിക്കാം

**1. നിശബ്ദത ദൈവ വെളിപ്പാടിന്റെ പ്രതീകമാണ്.**

മോശെ ദൈവത്തെ കാണാൻ ആഗ്രഹിച്ചു. മുൾപ്പടർപ്പിലെ തീ, ഇടി, മിന്നൽ, പുക എന്നിവയിലൂടെ തന്റെ സാന്നിദ്ധ്യം വ്യക്തമാക്കുന്ന ഒരു യഹോവയെയാണ് സാധാരാണ മോശെ അറിയുന്നത്. എന്നാൽ ഇവിടെ (പുറപ്പാട് 33:18-23) ദൈവ ദർശനം വളരെ വ്യക്തമായി ദൈവത്തിന്റെ മഹിമയായി (8-ാം വചനം) മോശെ കാണുന്നു. ദൈവം കടന്നു പോകുമ്പോൾ പിൻപുറ ദർശനം മാത്രമേ മോശെയ്ക്ക് ലഭിക്കുന്നുള്ളു. അതും ദൈവം തന്റെ കൈകളാൽ മോശെയെ മറച്ച്, പിന്നിൽ നിന്നുള്ള മഹത്വം മാത്രം കാണാൻ അനുവദിക്കുന്നു. പാറയുടെ പിളർപ്പിനുള്ളിൽ മറഞ്ഞിരുന്നു കൊണ്ട് നിശബ്ദമായി ദൈവത്തെ മോശെ ദർശിച്ചു എന്നു നാം കാണുന്നു.

ഇതുപോലെ തന്നെ വളരെ മധുരമായ സാന്ത്വന വാക്കുകളും ലളിതമായ വെളിപ്പാടുകളും ദൈവം നല്കിയതായി സത്യവേദ പുസ്തകത്തിലെ മറ്റ് പല ഭാഗങ്ങളിലും നമുക്ക് വായിക്കുവാൻ കഴിയും. ധ്യാനത്തിലൂടെയും നിശബ്ദതയിലൂടെയും ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്നത് വളരെ ശ്രേഷ്ഠം തന്നെ.

**വളരെ മധുരമായ സാന്ത്വന വാക്കുകളും ലളിതമായ വെളിപ്പാടുകളും ദൈവം നല്കിയതായി സത്യവേദ പുസ്തകത്തിലെ മറ്റ് പല ഭാഗങ്ങളിലും നമുക്ക് വായിക്കുവാൻ കഴിയും. ധ്യാനത്തിലൂടെയും നിശബ്ദതയിലൂടെയും ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുന്നത് വളരെ ശ്രേഷ്ഠം തന്നെ.**

**2. നിശബ്ദത സ്വയം ആത്മശോധന നടത്താൻ സഹായിക്കുന്നു.**

യേശുവിന്റെ ജീവിതത്തിൽ താൻ ചിലപ്പോഴെങ്കിലും ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടത് ഇല്ലായെന്നും ചോദ്യം ചോദിച്ച വ്യക്തി തന്നെ ആത്മശോധന ചെയ്തു തീരുമാനിക്കട്ടെ എന്നും ഒരു നിലപാടു സ്വീകരിച്ചിരുന്നതായി സുവിശേഷങ്ങളിൽ പല ഇടങ്ങളിലും നമുക്കു കാണാൻ കഴിയും. മത്തായി 8:18-22, മത്തായി 19:16-22 എന്നീ ഭാഗങ്ങളിൽ ഒരു ശാസ്ത്രി, ഒരു ശിഷ്യൻ, ഒരു സമ്പന്നനായ പ്രമാണി എന്നീ മൂന്നു പേരും യേശുവിനെ അനുഗമിക്കാൻ ആഗ്രഹിച്ചവരാണ്. പക്ഷേ യേശുവിന്റെ വാക്കുകൾ കേട്ട ശേഷം തങ്ങളുടെ നിലപാടിൽ മാറ്റം ഏർപ്പെടുത്തിയാൽ മാത്രമേ യേശുവിനെ അനുഗമിക്കാൻ കഴിയൂ എന്ന് മനസിലാക്കി നിശബ്ദരായി മറുപടി പറയാതെ പോയവരാണ് ഈ കൂട്ടർ. ഇവരുടെ ആത്മശോധനയിൽ ഉദ്ദേശ്യശുദ്ധി ഇല്ലായെന്ന സത്യം സ്വയം മനസിലാക്കാൻ യേശു ഇവരുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നു. ആത്മീയതയുടെ മൂടുപട മണിഞ്ഞ് യേശുവിനെ അനുഗമിക്കുന്നതിനായി ആഗ്രഹിക്കുന്ന പലർക്കും സ്വാർത്ഥമായ ആഗ്രഹങ്ങൾ മാറ്റാനാവാതെ യേശുവിനെ വൃഥാ അനുഗമിക്കുന്ന പൊള്ളയായ ക്രിസ്തീയ ജീവിതം നയിച്ച് വിജയിക്കാൻ സാധ്യമല്ല. നേരേമറിച്ച് സമർപ്പണത്തിലൂടെ "സ്വയം" എന്ന "അഹ"ത്തെ ജയിക്കാൻ സാധിക്കണം. നെഗറ്റീവ് അപ്റോച്ച് (Negative approach) ഒരിക്കലും ഒരു പോസിറ്റീവ് റിസൾട്ട് (Positive result) തരികയില്ല. എന്നാൽ ആത്മശോധനയിലൂടെ ദൈവഹിതത്തെ മനസ്സിലാക്കി അതിനെ പ്രാവർത്തികമാക്കാനാണ് യേശു ഇന്ന് നമ്മെ വിളിക്കുന്നത്. ഇത് വളരെ വ്യക്തമാകുന്നത് യോഹ. 8: 1-11 വരെയുള്ള വചനങ്ങളിലാണ്. യേശുവിനെ കുറ്റപ്പെടുത്താൻ ശ്രമിച്ച പരീശന്മാർ സ്വയം തോറ്റു പിൻമാറി. പക്ഷേ ശിക്ഷിക്കപ്പെടുവാനായി ഏല്പിക്കപ്പെട്ട സ്ത്രീ "പോക ഇനി പാപം ചെയ്യരുത് " എന്ന യേശുവിന്റെ വാക്കുകളാൽ മോചിതയായി. ഇവിടെ യേശുവിന്റെ മൗനം (വച. 8,9) ഈ വ്യക്തികളിൽ ഉളവാക്കിയ ആത്മശോധനയുടെ ഫലമാണ് ഇവിടെ പ്രസക്തമാകുന്നത്.

**3. നിശബ്ദത ദൃഢമായ ദൈവ ബന്ധത്തിന്റെ അടയാളമാണ്**

1 ശമുവേൽ 1:9,18. ഈ ഭാഗത്ത് ദൈവത്തോട് ഹൃദയവേദന പങ്കുവയ്ക്കുന്ന ഒരു സ്ത്രീയെ കാണാം. പുരോഹിതനായ ഏലിക്ക് അവൾ ലഹരിക്ക് അടിമയായിരിക്കുന്ന ഒരു വ്യക്തിയായിട്ടേ തോന്നിയുള്ളൂ. ശബ്ദമില്ലാതെ ദൈവത്തോട് ഹൃദയം കൊണ്ട് ബന്ധപ്പെടുന്ന ഒരു വ്യക്തി. അവൾ ഇവിടെ തെറ്റിദ്ധരിക്കപ്പെടുന്നു. ഈ വാക്കുകൾ ശ്രദ്ധിക്കുക "ഹന്നാ ഹൃദയം കൊണ്ട് സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾക്കാനില്ലായിരുന്നു." (വച. 13). വാക്കുകൾക്കതീതമായി ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുവാൻ ഒരു പക്ഷേ ഏലി എന്ന പുരോഹിതനു ഒരിക്കലും കഴിഞ്ഞിരിക്കില്ല. അതുകൊണ്ട് ഒരു സാധാരണ സ്ത്രീയായ ഹന്ന ആന്തരികമായ ആത്മീയ ഉന്നതങ്ങളിൽ കയറിച്ചെല്ലുന്നത് മനസിലാക്കാൻ പുതിയ അനുഭവങ്ങൾ ആ പുരോഹിതനു ആവശ്യമായിരുന്നു. കുടിച്ചു മത്തരായവർ കാണിക്കുന്ന ചേഷ്ടകൾ കണ്ടു പരിചയിച്ച സമൂഹത്തിന് ദൈവാത്മ ശക്തി പകരുന്ന അനുഭവങ്ങൾ പലപ്പോഴും താഴെക്കിടയിലുള്ള മദ്യപാന ചേഷ്ടകളായേ കണ്ണിനും ബുദ്ധിക്കും തോന്നുകയുള്ളൂ. അപ്പൊസ്തല പ്രവർത്തികളിലും ഇതുപോലുള്ള ഒരു സന്ദർഭം നമുക്ക് കാണാൻ കഴിയും. പെന്തക്കോസ്തു നാളിൽ ആത്മാവൃഷ്ടിയിൽ പല ഭാഷകളിൽ സംസാരിച്ചവർ കുടിച്ചു മത്തന്മാരായി സംസാരിക്കുന്നു എന്ന തെറ്റായ ധാരണ ചിലരുടെ മനസുകളിൽ ഉളവായി (അ. പ്ര. 2:13). എന്നാൽ ദൈവ വിശ്വാസികളായ ഇവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നു എന്നും ഈ പ്രക്രിയയെ തിരിച്ചറിയുന്നു (വച. 11.6). ആത്മീയതയുടെ ഉയർന്ന പടവുകളിലേക്ക് കയറുവാൻ ദൈവാത്മാവ് നമ്മെ സഹായിക്കും.

**4. നിശബ്ദത തിന്മയ്ക്ക് എതിരെയുള്ള പോരാട്ടം**

കണ്ണും വായും കാതും കൈകൾ കൊണ്ട് മൂടിയിരിക്കുന്ന മൂന്നു കുരങ്ങന്മാരുടെ പ്രതിമ നാം കണ്ടിട്ടുണ്ടല്ലോ. തിന്മ കാണരുത്, പറയരുത്, കേൾക്കരുത്, മറ്റുള്ളവരുടെ വ്യക്തി ബന്ധങ്ങളെ നിഗ്രഹിക്കുന്ന രീതിയിലുള്ള വാക്കുകൾ സംസാരിക്കരുത് കേൾക്കരുത് എന്നൊക്കെ നമുക്ക് അറിയാം. നന്മയും തിന്മയുമായുള്ള ലൗകീക പോരാട്ടത്തിൽ തിന്മയെ നന്മ കൊണ്ട് ജയിക്കുക എന്നതാണ് ഇന്നത്തെ ആവശ്യം. ചില തിന്മകളെ പോലും നന്മകളാക്കി മാറ്റാൻ മനുഷ്യൻ ഇന്ന് ശ്രമിക്കുകയാണ്. ഒരു കാലത്ത് മനുഷ്യനെ കൊന്നൊടുക്കാൻ ഉപയോഗിച്ച അണുശക്തി ഇന്ന് ക്രിയാത്മകമായ നല്ല കാര്യങ്ങൾക്കായി നാം ഉപയോഗിക്കുന്നു. നമ്മുടെ വീടുകളിൽ ഉത്ഭവിച്ച് തെരുവുകളിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ പോലും സംസ്കരിച്ച് പ്രയോജനപ്പെടുത്താൻ നമുക്ക് പദ്ധതികൾ ഉണ്ട്. ചീഞ്ഞതും നാറിയതും അനാരോഗ്യകരവുമായ തിന്മകളെ വിറ്റഴിച്ച് കാശാക്കാൻ ശ്രമിക്കുന്നവരും കുറവല്ല. പക്ഷേ അത് എക്കാലത്തും എല്ലാവരെയും പറ്റിക്കുന്ന പണിയായി തുടരാൻ കഴിഞ്ഞെന്നു വരികയില്ല.

ഇതുപോലെ തന്നെ ആത്മീയതയുടെ ലോകത്തും തിന്മയെ ജയിക്കാൻ അതിന് എതിരായുള്ള പോരാട്ടമാണ്, യുദ്ധമാണ് ഇന്ന് ആവശ്യം. ഭീഷണികളും, പ്രകോപന വാക്കുകളും പ്രതികരിക്കുന്ന വ്യക്തികളിലൂടെ കൂടുതൽ തിന്മയ്ക്ക് കാരണമാകാം. എന്നാൽ നിശബ്ദതയിലൂടെ, മൗനത്തിലൂടെ ധ്യാനത്തിലൂടെ , ചില വാക്കുകളിലൂടെ പ്രത്യാശയുടെ നാമ്പുകളെ മുളപ്പിച്ച് വളർത്തി വൻ വൃക്ഷങ്ങളാക്കാൻ കഴിയും.

ഈ പോരാട്ടം ഒരു പക്ഷേ ചില ദിനരാത്രങ്ങളിൽ തീരുന്നതല്ല. മാനവ രാശിയുടെ അവസാന നിമിഷം വരെ നിരന്തരമായി നടത്തേണ്ട ഒരു പോരാട്ടമാണ്.

**അസതോമഃ സദ്ഗമയ**
**തമസോമഃ ജ്യോതിർഗമയ**
**മൃത്യോമഃ അമൃതം ഗമയ**

# ടൈംസ് ഔപചാരികമായി ഉദ്ഘാടനം ചെയ്തു



*ഒരു വലിയ ഉദ്യമത്തിന്റെ ചെറിയതുടക്കം : ടൈംസിന്റെ ലൈബ്രറിയും ക്ലാസ്മുറിയും മോസ്റ്റ് റവ. ഡോ. ജെ. ഡബ്യു ഗാഡ്സ്റ്റൺ തിരുമേനി പ്രാർത്ഥിച്ച് സമർപ്പിക്കുന്നു*

**തിരുവനന്തപുരം:** ക്രിസ്തുകൃപ ആശ്രമം കാട്ടാക്കടയിൽ 2011 ആഗസ്റ്റ് 16-ാം തീയതി ആരംഭംകുറിച്ച തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ ആന്റ് ഇവാൻജലിസം സ്റ്റഡീസിന്റെ (ടൈംസ്) പ്രവർത്തനങ്ങൾ 2012 ജൂലൈ 12 ന് രാവിലെ 10 മണിക്ക് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മുൻ മോഡറേറ്ററും സൗത്ത് കേരള ഡയോസീസ് മുൻ ബിഷപ്പുമായ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു ഗ്ലാസ്റ്റൺ തിരുമേനി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. ജി.എം.ഐ പ്രസിഡന്റ് ഡോ. ഡി. ജെ. അജിത്കുമാറിന്റെ ദർശനത്തിന്റെയും ഏറെ നാളത്തെ പ്രാർത്ഥനയുടെയും സാക്ഷാത്കാരമാണ് ഇവിടെ നിറവേറിയത്. ഈ സമ്മേളനത്തിൽ റവ.ഡോ.ജി. റോബിൻസൺ, റവ. മോഹൻദാസ്, ശ്രീ. ജോൺ അലകസ് തുടങ്ങിയ വിശിഷ്ട വ്യക്തികൾ സംബന്ധിച്ചു. ക്രിസ്തുകൃപ ആശ്രമം ആചാര്യ റവ. ജ്ഞാനദാസൻ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. ടൈംസ് വിദ്യാർത്ഥികളും അദ്ധ്യാപകരും ജി. എം.ഐ സ്റ്റാഫ് അംഗങ്ങളും സമ്മേളനത്തിൽ സംബന്ധിച്ചു.

സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ വിദൂര പാഠ്യപദ്ധതിയിലെ ബാച്ചിലർ ഡിഗ്രിയും, ഡിപ്ലോമ ഡിഗ്രിയും ടൈംസിലൂടെ നല്കിവരുന്നു. കൃപാശ്രമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ടൈംസിന് കേരളത്തിൽ കൂടാതെ ആന്ധ്രാപ്രദേശ്, ഒറീസ്സ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും നേപ്പാളിലും പഠനകേന്ദ്രങ്ങൾ ഉണ്ട്. ക്രിസ്തുകൃപ ആശ്രമത്തിൽ ടൈംസിന്റെ ഒരു വൈദീക പാഠശാല പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 15 വൈദിക വിദ്യാർത്ഥികൾ ഇവിടം താമസിച്ചു പഠിച്ചുകൊണ്ട് മിഷണറി പ്രവർത്തനങ്ങൾക്കായി തങ്ങളെത്തന്നെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ മുൻ പ്രസിഡന്റും മിഷണറി ദർശനവുമുള്ള അഭിവന്ദ്യ തിരുമേനിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് വളരെ വിലപ്പെട്ടതാണ്. ഉന്നത ബിരുദധാരികളും പ്രഗത്ഭരും പരിചയ സമ്പന്നരുമായ ഒരു ഫാക്കൽറ്റിയാണ് ടൈംസിന്റെ മറ്റൊരു പ്രത്യേകത. ശ്രീ. ജോയിക്കുട്ടി ജേക്കബ് ടൈംസിന്റെ ഡയറക്ടറും പ്രിൻസിപ്പലുമായി സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു.

ഭാരതീയ പശ്ചാത്തലത്തിൽ സുവിശേഷീകരണം നടത്തുക എന്ന ജി.എം.ഐയുടെ ദർശനത്തിനനുസരിച്ച്, പ്രാദേശീക മിഷണറിമാരെ സജ്ജരാക്കി അവരുടെ ജന്മദേശങ്ങളിലേയ്ക്കയച്ച് സുവിശേഷത്താൽ സമൂഹത്തെ ഉദ്ധരിക്കുക, അപ്രകാരം ഭാരതം മുഴുവനും സുവിശേഷം എത്തിക്കുക എന്നതാണ് ലക്ഷ്യം. അതിനുപയുക്തമായ അദ്ധ്യാപനരീതിയാണ് അവലംബിച്ചുകൊണ്ടിരിക്കുന്നത്. പൂർണ്ണസമയം സുവിശേഷ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ച് റസിഡൻഷ്യൽ സ്റ്റഡി നടത്തിക്കൊണ്ടിരിക്കുന്ന 15 പേർക്ക് ദൈവശാസ്ത്ര പഠനത്തോടൊപ്പം അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ സോഷ്യൽ വർക്കിൽ ബാച്ചിലർ ഡിഗ്രി കൂടി ലഭ്യമാക്കുന്നു. ടൈംസിലൂടെ ഇപ്പോൾ കേരളത്തിലും ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലുമായി ഇരുന്നൂറോളം ആളുകൾ ദൈവവചനം അഭ്യസിച്ചുകൊണ്ടിരിക്കുന്നു. ധാരാളം ആളുകൾ ജോലിയോടൊപ്പം സുവിശേഷവേല ചെയ്യാൻ സമർപ്പിതരായി തിരുവചനം അഭ്യസിച്ചുകൊണ്ടിരിക്കുന്നു.

ബൈബിൾ പരിചയപ്പെടുത്തുന്നത് ഒരു മിഷണറി ദൈവത്തെയാണ് (God is a sending God). പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവിനെ പാപപരിഹാരാർത്ഥം ലോകത്തിലേയ്ക്കയച്ചു. പുത്രനായ ദൈവത്തിന്റെ ആവശ്യപ്രകാരം പിതാവായ ദൈവം പരിശുദ്ധാത്മവാം ദൈവത്തെ ലോകത്തിന് നല്കിയിരിക്കുകയാണ്. വേദപുസ്തകത്തിലുട നീളം ദൈവം വ്യക്തികളെ തന്റെ ദൗത്യ നിർവ്വഹണത്തിനായി അയച്ചതായി മനസ്സിലാകുന്നു. ദൈവിക ദൗത്യം നിർവ്വഹിക്കുന്നതിനായി ദൈവവിളി തിരിച്ചറിഞ്ഞ് ജീവിതം സമർപ്പിച്ച വ്യക്തികളെ ഒരുക്കുക എന്ന ശ്രമകരവും വളരെയേറെ ഉത്തരവാദിത്തപരവുമായ പ്രവൃത്തിയാണ് ടൈംസിലൂടെ നടന്നുകൊണ്ടിരിക്കുന്നത്. കൃപാശ്രമത്തിൽ നടന്നുകൊണ്ടിരിക്കുന്ന റസിഡൻഷ്യൽ പഠനം തികച്ചും സൗജന്യമായാണ് നടത്തികൊണ്ടിരിക്കുന്നത്. ജി.എം.ഐ അഭ്യുദയകാംക്ഷികളും ദൈവവേലയെ സ്നേഹിക്കുന്നവരുമായ പ്രിയപ്പെട്ടവരുടെ നിർലോഭമായ സഹായത്താലാണ് ഈ പ്രവർത്തനം മുന്നേറുന്നത്. തുടർന്നും എല്ലാവരുടെയും വിലയേറിയ പ്രാർത്ഥനയും സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.



**ഉദ്ഘാടനസന്ദേശം:**
*മോസ്റ്റ് റവ. ഡോ. ജെ.ഡബ്യു ഗാഡ്സ്റ്റൺ തിരുമേനി*



*ഉദ്ഘാടനസമയത്ത് സദസിനെ അഭിസംബോധന ചെയ്തുകൊണ്ട് ഡോ. ഡി.ജെ. അജിത്കുമാർ, റവ. ഡോ. ജി. റോബിൻസൺ, റവ. മോഹൻദാസ്, ശ്രീ. ജോൺ അലക്സ് എന്നിവർ സംസാരിക്കുന്നു*

# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

*"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരാളിനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു" എന്നരുളിയ ക്രിസ്തുവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി പ്രവർത്തിക്കുന്നു. ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ചവർ, കൊടും പീഡനങ്ങളിൽപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്ര്യം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതോ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയും സന്മനസ്സുമുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ഭക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്. ഇപ്രകാരം അഞ്ഞൂറ്റിഇരുപത്തിയെട്ട് കുടുംബങ്ങൾ ഇപ്പോൾ സന്ധാരണം ചെയ്യപ്പെടുന്നു.*

മേരി തിരുവന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ നെട്ടയം പഞ്ചായത്തിൽ വട്ടിയൂർക്കാവ്, കൊടുങ്ങാനൂർ, മുളവുകാട് തടത്തരികത്തു വീട്ടിൽ താമസിക്കുന്നു. ഓമനയെ ഭർത്താവുപേക്ഷിച്ചുപോയി. രണ്ടു കാലുകൾക്കും സ്വാധീനമില്ലാത്തതിനാൽ ജോലി ചെയ്യാനുള്ള കഴിവില്ല. വൈദ്യുതീകരിച്ചിട്ടില്ലാത്ത ഓലക്കുടിലിൽ ഒറ്റയ്ക്ക് താമസിക്കുന്നു. ആരും സഹായിക്കാനോ സംരക്ഷിക്കാനോ ഇല്ലാതെ നിത്യവൃത്തിക്കായി വളരെയേറെ കഷ്ടപ്പെട്ട ഈ വ്യക്തിക്ക് ഒരു സഹായ ഹസ്തമായിത്തീരാൻ ഹഫാമിലൂടെ സാധിച്ചുവരുന്നു.

പ്രത്യാശ നഷ്ടപ്പെട്ട് ഏകാകിയായി ജീവിച്ച ഇവരെ സന്തുഷ്ടകുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തുകൊണ്ടിരിക്കുന്നത് ശ്രീ. സത്യദാസ്, ജഗതി, തിരുവനന്തപുരം ആണ്.





*അറിവിന്റെ ഖനി : ടൈംസ് ലൈബ്രറി*



*വിദ്യാർത്ഥികളോട് ചേർന്ന് അല്പനിമിഷം : ടൈംസ് ക്ലാസ്റൂമിലെ ഒരു ദൃശ്യം*

## ഗ്രാമങ്ങളിൽ സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കുമോ?



ജി.എം.ഐയുടെ മിഷൻ സ്റ്റേഷനുകളുള്ള ഗ്രാമങ്ങളിൽ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് വിശ്വാസത്തിലേക്ക് വരുന്നവർക്ക് ദൈവത്തെ ആരാധിക്കുവാനും കൂട്ടായ്മയ്ക്കായും സഭാഹാളുകൾ പണിയേണ്ടത് അത്യാവശ്യമായിരിക്കുന്നു. 16 സംസ്ഥാനങ്ങളിലും, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ അയൽരാജ്യങ്ങളിലും ജി.എം.ഐ മിഷണറിമാർ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥലങ്ങളിൽ ഗ്രാമീണരീതിയിലുള്ള സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കാം. ചില സ്ഥലങ്ങളിൽ ക്രിസ്തീയ ചർച്ചിന്റെ മാതൃകയിൽ പണിയുവാൻ അനുമതി നിഷേധിക്കപ്പെടുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഒരു വീട് പോലെ ഇതു പണിയപ്പെടുന്നു. ജനങ്ങൾക്ക് കൂടിവരുവാൻ ഒരു ഹാളും, മിഷണറിക്ക് താമസിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങളും (ഒരു മുറി, അടുക്കള, ഒരു ചെറിയ വരാന്ത) പണിയുവാനായുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂര കോൺക്രീറ്റ് ചെയ്ത് പണിയുവാനുള്ള ഒരു യൂണിറ്റിന് അഞ്ചുലക്ഷം രൂപയോളം ചിലവാകും. ഇങ്ങനെയുള്ള ഇരുപത് ഭവനങ്ങൾ പല സംസ്ഥാനങ്ങളിലായി ഈ വർഷം തന്നെ പണിയപ്പെടുവാൻ പ്രാർത്ഥിക്കുന്നു. പ്രാർത്ഥിക്കുക, സഹായിക്കുക.

ഭാരതം കാത്തിരിക്കുന്നു - 43

# അസ്സീസിയിലെ ഫ്രാൻസിസ്

*സരള ഓസ്റ്റിൻ*

പിയാട്രോ ഡെ ബർണാടോണിന്റെയും പിക്കായുടെയും മകനായ ഫ്രാൻസിസ് 1181-ൽ ഇറ്റലിയിലെ അസ്സീസിയിൽ ജനിച്ചു. പിതാവ് പിയാട്രോ സമ്പന്നനായ ഒരു വസ്ത്ര വ്യാപാരിയായിരുന്നു. സാമ്പത്തികമായി മുന്നാക്കമുള്ള ആ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ഒരു രാജകുമാരനെപ്പോലെയാണ് ഫ്രാൻസിസ് വളർന്നത്. അക്കാലത്ത് ലഭ്യമാകുന്നതിൽ ഏറ്റവും വലിയ വിദ്യാഭ്യാസം ഫ്രാൻസിസിനു ലഭിച്ചു.

ഫ്രാൻസിസിന് 21 വയസുള്ളപ്പോൾ ആണ് അസ്സീസി, പെറൂജിയ എന്ന വ്യാപാരപട്ടണവുമായി യുദ്ധത്തിൽ ഏർപ്പെട്ടത്. ആ സമയത്ത് യാതൊരു ജോലിയുമില്ലാതിരുന്ന ഫ്രാൻസിസ് 1202-ൽ അസ്സീസ്സിയുടെ സംരക്ഷണത്തിനായി യുദ്ധത്തിൽ ചേർന്നു. എന്നാൽ അനാരോഗ്യം നിമിത്തം പട്ടാളത്തിൽ തുടരാൻ കഴിയാതെ അതിൽ നിന്നും പിൻമാറി.

1205-ൽ അദ്ദേഹം റോമിലേയ്ക്ക് ഒരു തീർത്ഥയാത്ര നടത്തി. അവിടെ വച്ച് യാദൃശ്ചികമായി കണ്ടുമുട്ടിയ ഒരു ഭിക്ഷക്കാരന് തന്റെ വില കൂടിയ വസ്ത്രം ഫ്രാൻസിസ് നൽകുകയും പകരം ഭിക്ഷക്കാരന്റെ വസ്ത്രം വാങ്ങി ധരിക്കുകയും ചെയ്തു. ദരിദ്രന്മാർക്കുവേണ്ടി ദരിദ്രനായി ജീവിക്കുവാനുള്ള തുടക്കത്തിന് അന്ന് റോമിൽ വച്ച് ഫ്രാൻസിസ് ആരംഭം കുറിച്ചു.

കുഷ്ഠരോഗികളെ ശുശ്രൂഷിക്കുകയും ദരിദ്രരുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്ത ഫ്രാൻസിസിന്റെ ജീവിത ലക്ഷ്യം യേശുവിന്റെ പാത പിൻതുടരുക എന്നതു മാത്രമായിരുന്നു. ദരിദ്രരിലൊരാളായി മാറിയ ഫ്രാൻസിസിന് ദൈവവിളി ഉണ്ടാകുന്നത് 1208-ലാണ്. ഒരു മഞ്ഞുകാലത്ത് ഫ്രാൻസിസ് ഒരു പള്ളിയിൽ ആരാധിച്ചുകൊണ്ടിരിക്കവെ മത്തായി 10:7-19 വരെയുള്ള ഭാഗത്ത് യേശു ശിഷ്യന്മാരെ പ്രേക്ഷിത ദൗത്യത്തിന് അയയ്ക്കുന്ന രംഗം അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. ഈ വാക്യങ്ങളിലൂടെ ഫ്രാൻസിസ് ദൈവശബ്ദം കേട്ടു. ആ വിളിയിൽ നിന്നും ഉൾക്കൊണ്ട നിയോഗാർത്ഥം താപസന്റെ വസ്ത്രം അഴിച്ചുവച്ചിട്ട് നഗ്നപാദനായ ഒരു സുവിശേഷപ്രസംഗകനായി അദ്ദേഹം ഇറങ്ങി. ഈ യാത്ര പണവും പൊക്കണവും ഇല്ലാത്ത തികച്ചും വിശ്വാസത്തിൽ മാത്രം അധിഷ്ഠിതമായ ഒന്നായിരുന്നു.

സന്യാസസമൂഹത്തിന്റെ സ്ഥാപകനായ ഫ്രാൻസിസിന്റെ ഹൃദയത്തിൽ ഒരിക്കലും ഇത്തരത്തിലുള്ള ആഗ്രഹം ഉണ്ടായിരുന്നില്ല. എന്നാൽ കുറെ ആളുകൾ എപ്പോഴും അദ്ദേഹത്തെ തേടി എത്തിയിരുന്നു. അവരുടെ ശുശ്രൂഷകൾ മാനസാന്തരത്തിന്റെ ആവശ്യകതയെപ്പറ്റി പ്രസംഗിക്കുക, പാട്ടുകൾ പാടുക, ദരിദ്രരെ സഹായിക്കുക എന്നിവയായിരുന്നു. അവർ വിളിച്ചു പറഞ്ഞ സന്ദേശത്തിന്റെ കാതൽ 'ദാരിദ്ര്യം' ആയിരുന്നു. ദൈവത്തേയും ദരിദ്രരേയും സ്നേഹിക്കുവാനും സേവിക്കാനും ആവശ്യമായ സ്വാതന്ത്ര്യം കിട്ടണമെങ്കിൽ ധനം നിരസിക്കാൻ കഴിയണം. ഈ ആശയങ്ങളിൽ അടിയുറച്ച് മുന്നോട്ടുനീങ്ങിയ ഫ്രാൻസിസിന് ധാരാളം അനുയായികൾ ഉണ്ടായി. അങ്ങനെ ഈ കൂട്ടർ 'ചെറിയ സഹോദരങ്ങൾ' (little brothers) എന്ന പേര് സ്വീകരിച്ചു. ലോകത്തിൽ ആദ്യത്തെ സന്യാസ സമൂഹം ഇവിടെ ഉദയം ചെയ്യുകയായിരുന്നു. അവർ ഫ്രാൻസിസ്ക്കൻസ് എന്നറി



യപ്പെട്ടു. "ഫ്രാൻസിസ്ക്കിൻസിന്റെ ഇടയിൽ അയ്മേനി, തിരുമേനി വ്യത്യാസം ഇല്ലായിരുന്നു. സാഹോദര്യ വിശ്വാസാധിഷ്ഠിത സമൂഹമായിരുന്നു അത്". ദാരിദ്ര്യത്തോടുള്ള മനോഭാവത്തിലാണ് ഈ പ്രസ്ഥാനത്തിന്റെ മുഖ്യസ്വഭാവം നിലനിൽക്കുന്നത്. അവരുടെ ഇടയിൽ ഒരു സന്യാസി സ്വന്തമായി ഒന്നും സൂക്ഷിക്കാൻ അനുവദിക്കപ്പെട്ടിരുന്നില്ല.

ഫ്രാൻസിസിന്റെ ജീവിതം ദൈവസ്നേഹത്താൽ പ്രചോദിതമായിരുന്നു. ഫ്രാൻസിസിന് ക്രിസ്തുവിനോടുള്ള സ്നേഹം തിട്ടപ്പെടുത്താനാവില്ല. താൻ ക്രിസ്തുവിനായി വിവാഹനിശ്ചയം കഴിച്ചവനും ദിവ്യസ്നേഹത്താൽ കത്തിജ്വലിക്കുന്ന ഒരു കൽക്കരികഷ്ണം പോലെയും ആയിരുന്നു.

ഫ്രാൻസിസ് അദ്ദേഹത്തിന്റെ പ്രവർത്തനമേഖല ഇറ്റലിയിൽ മാത്രം ഒതുക്കിയില്ല. 1215-ൽ അദ്ദേഹം വടക്കെ ആഫ്രിക്ക ലക്ഷ്യമാക്കി സുവിശേഷ പ്രസംഗത്തിനായി സ്പെയിനിലേക്ക് പോയി. എന്നാൽ തനിക്ക് അസുഖം നേരിട്ടതുമൂലം ആഫ്രിക്കയിലേക്ക് പോകാൻ കഴിഞ്ഞില്ല. 1219-ൽ ഫ്രാൻസിസും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ഈജിപ്ത് സന്ദർശിച്ച് അവിടുത്തെ സുൽത്താനോട് യേശുവിനെക്കുറിച്ച് പ്രസംഗിച്ചു. 1220-ൽ ഫ്രാൻസിസ് ഇറ്റലിയിലേയ്ക്ക് മടങ്ങി.

ഇറ്റലിയിലെത്തിയ ഫ്രാൻസിസ് ആശ്രമങ്ങളുടെ ചുമതല പീറ്റർശാനി, ഏലിയാസ് എന്നിവരെ ഏൽപ്പിച്ചു. 1224 ആയപ്പോൾ ആശ്രമങ്ങളുടെ നിയന്ത്രണം പൂർണ്ണമായും ഫ്രാൻസിസിൽ നിന്നും അന്യമായി. യേശുവിന്റെ മുറിവുകൾ ശരീരത്തിൽ വഹിച്ചുകൊണ്ട് കഴിഞ്ഞ അദ്ദേഹത്തിന്റെ ആരോഗ്യം നാൾക്കുനാൾ ക്ഷയിച്ചുവന്നു. 1226-ഒക്ടോബർ 3-ന് ഫ്രാൻസിസ് താൻ പ്രീയം വച്ച നാഥന്റെ അടുക്കലെത്തി.

ത്യാഗോജ്ജ്വലമായ ജീവിതത്തിനു മാതൃകയായിരുന്നു ഫ്രാൻസിസ്. തനിക്കുള്ളതെല്ലാം ദരിദ്രർക്കായി പങ്കുവച്ചപ്പോഴും, കുഷ്ഠരോഗികളെ ശുശ്രൂഷിച്ചപ്പോഴും യേശുവിന്റെ ജീവിതം ലോകത്തിനു കാണിക്കുകയായിരുന്നു താൻ ചെയ്തത്. സ്വന്തം ജീവിതം മറ്റുള്ളവർക്കായി അർപ്പിച്ച ഫ്രാൻസിസിനെപ്പോലുള്ള വിശുദ്ധർക്കായി ഭാരതം കാതോർക്കുന്നു.... ഇന്നും.

## പ്രത്യേക അറിയിപ്പ്

ക്രിസ്തുകൃപ ആശ്രമം കാട്ടാക്കടയിൽ പുതിയതായി പുസ്തകശാല പ്രവർത്തനമാരംഭിച്ചു. വിൽപനക്കായി ക്രൈസ്തവ സാഹിത്യങ്ങൾ, പാട്ടുപുസ്തകങ്ങൾ, പ്രസംഗ സി.ഡികൾ, പാട്ടു സി.ഡികൾ, ബൈബിൾ, കീ ചെയിൻ തുടങ്ങിയവ ലഭ്യമാണ്.

## രക്തസ്രാവം സൗഖ്യമായി



ആന്ധ്രാപ്രദേശിലെ വാതിഗുഡം ഗ്രാമത്തിലാണ് സുപ്രിയ താമസിക്കുന്നത്. ദീർഘനാളുകളായി രക്തസ്രാവം ബാധിച്ചതിനാൽ മാനസികമായും ശാരീരികവുമായ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ജി.എം.ഐ മിഷണറി സഹോദരൻ യേശുരത്നം സുവിശേഷമറിയിക്കാൻ ഈ ഗ്രാമം സന്ദർശിച്ചപ്പോൾ സുപ്രിയയുടെ ഭവനത്തിലും കടന്നുപോയി. യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചും പാപമോചനത്തെക്കുറിച്ചും ദൈവശക്തിയെക്കുറിച്ചും പങ്കുവച്ചു. സുപ്രിയ യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. യേശുരത്നം അവർക്കുവേണ്ടി പ്രാർത്ഥിച്ചു. രക്തസ്രാവത്തിൽ നിന്നും സൗഖ്യം പ്രാപിച്ചതായി സുപ്രിയ സാക്ഷിക്കുന്നു. ദൈവത്തിനു മഹത്വം.

## പൈശാചിക ബന്ധനത്തിൽ നിന്നും മോചനം



സഹോദരൻ ഫക്കീർ ചന്ദ് ദ്രുബേ മദ്ധ്യപ്രദേശിലെ ജി.എം.ഐ മിഷണറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സിംഗപൂർ ഗ്രാമത്തിൽ സഹോദരനും സഹപ്രവർത്തകരും ചേർന്ന് ഒരു സുവിശേഷയോഗം ക്രമീകരിച്ചു. ആ യോഗത്തിൽ അനേകം ഗ്രാമവാസികൾ സംബന്ധിച്ചിരുന്നു. രാജ്കുമാരി എന്ന ഒരു പെൺകുട്ടിയെ അനേകനാളുകളായി പൈശാചിക ശക്തി ബന്ധിച്ചിട്ടിരിക്കുകയായിരുന്നു. സുവിശേഷം പ്രസംഗിച്ചു തുടങ്ങിയപ്പോൾ ആ വ്യക്തിയിൽ നിന്നും ദുരാത്മാവ് വെളിപ്പെട്ടുവന്നു. സഹോദരൻ ആ പെൺകുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുകയും യേശുക്രിസ്തുവിന്റെ നാമത്തിന്റെ ശക്തിയാൽ പൈശാചിക ശക്തിയെ അവളുടെ ശരീരത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു. ഇതിന് സാക്ഷ്യം വഹിച്ച ഗ്രാമവാസികൾ യേശുക്രിസ്തുവിന്റെ ഉയർപ്പിൻ ശക്തി മനസ്സിലാക്കി.

**ബൈബിൾ പഠനക്വിസ്-90**



# യഹോവയുടെ ദിവസം

*ഡോ. റ്റി.സി. കിഷോർ മോഹൻ*

**വി**ഭജനാനന്തര കനാൻ ദേശത്തിലെ തെക്കേ രാജ്യമായ യെഹൂദായിലെ ദൈവജനത്തിന് തങ്ങളുടെ പാപപ്രവൃത്തികൾ മൂലം ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെക്കുറിച്ച് മുന്നറിയിപ്പ് നൽകുക എന്ന ലക്ഷ്യത്തോടെ ബി.സി 835 നും 796 നും ഇടയിലുള്ള കാലഘട്ടത്തിൽ പ്രവാചകനായ യോവേൽ യെഹൂദാജനതയ്ക്ക് ഒരു ദൈവീക സന്ദേശം നൽകി. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ വടക്കേ രാജ്യമായ യിസ്രായേലിലെ ജനതയ്ക്ക് തങ്ങളുടെ ദൈവനിഷേധത്തിനും, വിഗ്രഹാരാധനയ്ക്കും, സാധുജനപീഡനത്തിനും ലഭിക്കുവാൻ പോകുന്ന ദൈവീക ന്യായവിധിയെക്കുറിച്ച് ആമോസ് എന്ന പ്രവാചകനും ശക്തമായ ശാസന നൽകി.

യെഹൂദാരാജ്യം ദർശിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകമായ ഒരു ദേശീയ ദുരന്തത്തിന്റെ വിവരണമാണ് യോവേൽ പ്രവചനപുസ്തകത്തിലെ ആദ്യഭാഗത്ത് ദർശിക്കുവാൻ സാധിക്കുക. യോവാശ് എന്ന രാജാവിന്റെ ഭരണകാലത്താണ് ആ മഹാദുരന്തം അരങ്ങേറിയത്. ദേശം മുഴുവൻ ഒരു വലിയ പറ്റം വെട്ടുക്കിളികളുടെ ആക്രമണത്തിനിരയായി. ജീവനുള്ള പെരുവെള്ളപ്പാച്ചിൽ പോലെയാണ് അവ ഇരച്ചു കയറിയത്. കൃഷിയിടങ്ങളെല്ലാം നിമിഷങ്ങൾക്കുള്ളിൽ അവ തിന്നു നശിപ്പിച്ചു. "തുള്ളൻ ശേഷിപ്പിച്ചതു വെട്ടുക്കിളി തിന്നു. വെട്ടുക്കിളി ശേഷിപ്പിച്ചതു വിട്ടിൽ തിന്നു. വിട്ടിൽ ശേഷിപ്പിച്ചതു പച്ചപ്പുഴു തിന്നു" (1:4). ദേശവ്യാപകമായ ഒരു ഉപവാസവും പ്രാർത്ഥനായോഗവും സംഘടിപ്പിക്കുവാൻ യോവേൽ പ്രവാചകൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. വെട്ടുക്കിളി വരുത്തി വച്ച നാശത്തിന് അപ്പോൾ ദൈവം പരിഹാരം തരും. "നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി, നിങ്ങളോടു അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും. എന്റെ ജനം ഒരു നാളും ലജ്ജിച്ചു പോകുകയുമില്ല (2:26). മനുഷ്യന്റെ പാപത്തിന്റെ പരിണിത ഫലമായിരുന്നു ഈ ദുരന്തം. ജനഹൃദയങ്ങളിൽ നിന്നും ക്രമേണ മാഞ്ഞുപോയേക്കാവുന്ന ഈ സംഭവത്തെക്കാളും എത്രയോ ഭയാനകമാണ് വരാനിരിക്കുന്ന യഹോവയുടെ ദിവസമെന്ന് പ്രവാചകൻ ഓർമ്മപ്പെടുത്തുന്നു. അന്ന് ദൈവം പുരോഹിതന്മാരുടെ മേലും പ്രവാചകന്മാരുടെ മേലും മാത്രമല്ല സകലജാതികളുടെ മേലും തന്റെ ആത്മാവിനെ പകരും എന്നും യോവേൽ പ്രവചിക്കുന്നു (2:29). കർത്താവായ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം പെന്തെക്കോസ്തുനാളിൽ മാളികമുറിയിൽ കൂടിയിരുന്ന ശിഷ്യന്മാരുടെയും മറ്റു വിശ്വാസികളുടെ മേലും ദൈവം തന്റെ ആത്മാവിനെ പകരുമ്പോൾ പത്രൊസ് ഈ വാക്യം ഉദ്ധരിക്കുന്നുണ്ട്. യെഹൂദനെന്നോ പുറംജാതിയെന്നോ വ്യത്യാസമില്ലാതെ സകലരെയും ദൈവം അംഗീകരിക്കുമെന്ന് പൗലൊസും റോമ. 10:13 ൽ പ്രസ്താവിക്കുന്നുണ്ട്. മേൽ പ്രസ്താവിച്ചിരിക്കുന്ന 'യഹോവയുടെ ദിവസം' എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് സകല ശത്രുക്കളുടെ മേലും ദൈവം വിജയം കൈവരിക്കും എന്നതാണ്. സകലജാതികളെയും ന്യായം വിധിക്കുന്ന ആ ദിവസത്തിൽ യെഹൂദാജനതയ്ക്ക് സമ്പൂർണ്ണവിടുതൽ ലഭിക്കുമെന്നാണ് യോവേൽ പ്രവാചകൻ പ്രത്യാശിക്കുന്നത്.

വടക്കൻ രാജ്യമായ യിസ്രായേൽ താരതമ്യേന സമ്പൽസമൃദ്ധിയുടെ നടുവിൽ നില്ക്കുമ്പോഴായിരുന്നു ആമോസ് ദൈവത്തിനുവേണ്ടി പ്രവചനശുശ്രൂഷ നിർവഹിച്ചിരുന്നത്. വ്യാപാരം മെച്ചപ്പെടുകയും അതുവഴി ഐശ്വര്യം വർദ്ധിക്കുകയും ചെയ്തിരുന്ന കാലം. ഈ അവസ്ഥ ജനങ്ങളിൽ ഒരു കപട സുരക്ഷിതത്വബോധം സൃഷ്ടിക്കുകയും ക്രമേണ കപടവിശ്വാസപ്രമാണങ്ങളിലേക്കും വിഗ്രഹാരാധനയിലേക്കും ജനശ്രദ്ധ തിരിയുന്നു. ക്ഷാമം, വരൾച്ച, പകർച്ച വ്യാധി എന്നിവയൊന്നും ജനത്തിന്റെ മാനസാന്തരത്തിനു പര്യാപ്തമായില്ല. ഈ അവസരത്തിലാണ് ആടുകളെ മേയ്ച്ചു കൊണ്ടിരുന്ന ആമോസ് എന്ന ഒരു സാധാരാണ ഇടയച്ചെറുക്കനെ ദൈവം തന്റെ വേലക്കായ് തെരെഞ്ഞെടുക്കുന്നത്. യിസ്രായേൽ ജനത്തിന് ആസന്നമായിരിക്കുന്ന ദൈവീകന്യായവിധിയെക്കുറിച്ച് ആമോസ് വളരെ ശക്തമായ ഭാഷയിൽ പ്രവചിച്ചു. തങ്ങളുടെ പാപപ്രവൃത്തികൾ ഉപേക്ഷിച്ച് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയുവാൻ അദ്ദേഹം ജനത്തെ ആഹ്വാനം ചെയ്തു. അമാസ് എന്ന എബ്രായ ധാതുവിൽ നിന്നും ഉളവായ ഒരു പദമാണ് ആമോസ്. 'ഭാരം ഉയർത്തുക' എന്നാണ് അമാസ് എന്ന പദത്തിനർത്ഥം. ആമോസ് എന്നാൽ 'ഭാരം വഹിക്കുന്നവൻ' എന്നത്രേ. തന്റെ പേരിനെ അന്വർത്ഥമാക്കും വിധം നികൃഷ്ടരും, ദുഷ്കർമ്മികളുമായ യിസ്രായേൽ ജനത്തിന്റെ പാപം വഹിച്ചുകൊണ്ട് ആമോസ് ദൈവത്തിനു വേണ്ടി പ്രവാചക ശുശ്രൂഷ നിർവഹിച്ചു. "വീണുപോയ ദാവീദിൻ കൂടാരത്തെ ഞാൻ അന്നാളിൽ നിവൃത്തിക്കുകയും അതിന്റെ പിളർപ്പുകളെ അടയ്ക്കുകയും അവന്റെ ഇടിവുകളെ തീർക്കുകയും അതിനെ പുരാതന കാലത്തിൽ എന്ന പോലെ പണിയുകയും ചെയ്യും" എന്നു പ്രസ്താവിച്ചിട്ടുള്ളത് യേശുക്രിസ്തുവിൽ കൂടെയുള്ള യെഹൂദാ ജനത്തിന്റെ വീണ്ടെടുപ്പിനെക്കുറിച്ചാണ് എന്നത് വളരെ വ്യക്തമാണ്. സുഖലോലുപതയിൽ കഴിഞ്ഞിരുന്ന ജനത്തിന് ന്യായവിധിയെക്കുറിച്ച് ആമോസ് കർക്കശ ഭാഷയിൽ സംസാരിച്ചത് സ്വീകാര്യമായിരുന്നില്ല. തന്റെ ജന്മദേശമായ യെഹൂദാ വിട്ട് യിസ്രായേലിൽ ചെന്ന് അവിടത്തെ ജനത്തോട് അപ്രിയമായ ഒരു സന്ദേശം നൽകുവാനാണ് ആമോസിനെ ദൈവം വിളിച്ചു വേർതിരിച്ചത്.

യോവേൽ, ആമോസ് എന്നീ രണ്ടു പ്രവചനപുസ്തകങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് തയാറാക്കിയിട്ടുള്ളത്. ഓരോ വാക്യങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

### ചോദ്യങ്ങൾ

1. യോവേൽ പ്രവാചകന്റെ പിതാവാര്?
2. ഒരു ഉപവാസം ക്രമീകരിക്കുവാൻ പ്രവാചകൻ ആരോടാണ് ആഹ്വാനം ചെയ്യുന്നത്?
3. ഇരുട്ടും അന്ധകാരവും മേഘവും കൂരിരിട്ടുമുള്ള ഒരു ദിവസം വരുന്നു. ഏതാണ് ആ ദിവസം?
4. എപ്പോഴാണ് സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകുന്നത്?
5. ആമോസിന്റെ സ്വദേശം ഏത്?
6. യൊരോബെയാമിന്റെ പിതാവാര്?
7. ഏദോം രാജാവിന്റെ അസ്ഥികളെ ചുട്ടുകുമ്മായമാക്കിയവൻ?
8. "അവന്റെ ഉയരം ദേവദാരുക്കളുടെ ഉയരം പോലെയായിരുന്നു". ആരുടെ?
9. അഹങ്കാരികളായ യിസ്രായേലിലെ സ്ത്രീകളെ പ്രവാചകൻ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
10. യിസ്രായേൽ നമസ്കരിച്ചിരുന്ന നക്ഷത്രദേവനാര്?
11. യൊരോബെയാമിന്റെ ഭരണകാലത്ത് ബെഥേലിലെ പുരോഹിതൻ?
12. "എടോ ദർശകാ, യഹൂദാ ദേശത്തിലേക്ക് ഓടിപ്പൊയ്ക്കൊള്ളുക". ആര് ആരോടു പറഞ്ഞു?
13. "ഞാൻ പ്രവാചകനല്ല. പ്രവാചകശിഷ്യനുമല്ല". ആരുടെ വാക്കുകളാണിവ?
14. ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനുമായവൻ?

### ബൈബിൾ പഠനക്വിസ് 89-ന്റെ ശരി ഉത്തരങ്ങൾ

**1.** യോവാശ് (ഹോശേ. 1:1) **2.** ദിബ്ലയീം (1:3) **3.** ദൈവം വിതയ്ക്കും (1:4) **4.** ലോരുഹമാ (1:6) **5.** ലോ-അമ്മീ (1:9) **6.** കരുണ ലഭിച്ചവൾ (2:1) **7.** ബാലി (2:16) **8.** ഭർത്താവ് (2:16) **9.** എഫ്രയീം (4:17) **10.** ഗിലെയാദ് (6:8) **11.** യെഹൂദയ്ക്ക് (6:11) **12.** എഫ്രയീം (7:11) **13.** ശമര്യയുടെ (8:5) **14.** യിസ്രായേലിനെ (9:10) **15.** യാക്കോബ് (12:3) **16.** യാക്കോബ് (12:4) **17.** യഹോവയുടെ (14:9)

### ശ്രദ്ധിക്കുക

ബൈബിൾ പഠന ക്വിസ് തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നത് ദാനിയേൽ റഫറൻസ് ബൈബിളാണ്.

### നേപ്പാളിൽ നടന്ന രോഗശാന്തി



നേപ്പാളിൽ, ഗോഗുൽ നഗർ ഗ്രാമത്തിലെ പവൻ ഹരിജൻ ഉദരസംബന്ധമായ അസുഖം ബാധിച്ച് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയായിരുന്നു. ധാരാളം ചികിത്സകൾ ചെയ്തു എങ്കിലും യാതൊരു മാറ്റവും ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് ജി.എം.ഐ മിഷണറി സഹോദരൻ കർണാ ബഹാദൂർ സുവിശേഷവുമായി ഈ ഗ്രാമത്തിലേക്ക് കടന്നുപോയത്. സഹോദരൻ കർത്താവായ യേശുക്രിസ്തുവിന്റെ അത്ഭുത പ്രവർത്തികളെക്കുറിച്ചും യേശുവിലൂടെ മാത്രം ലഭിക്കുന്ന ആത്മ രക്ഷയെക്കുറിച്ചും ഈ വ്യക്തിയോടു പങ്കുവച്ചു. പവൻ ഹരിജൻ യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ചു. തുടർന്ന് മിഷണറി ഈ വ്യക്തിക്കുവേണ്ടി പ്രാർത്ഥിച്ചു. ആ നിമിഷം തന്നെ ദൈവം പൂർണ്ണമായ സൗഖ്യം നല്കി. ഇപ്പോൾ പൂർണ്ണ ആരോഗ്യവാനായി ദൈവത്തിനുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്നു. അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും ദൈവം ഇന്നും തന്റെ വചനത്തെ ഉറപ്പിച്ചുകൊണ്ടിരിക്കുന്നു.

ക്രൈസ്തവസഭയുടെ ചരിത്രം - ഭാഗം 72

# യുദ്ധത്തിന്റെ ഭീകരത

*എൻ. ജസ്റ്റിൻരാജ്*

### രണ്ടാം ലോകമഹായുദ്ധവും യഹൂദാ പീഢനവും (1939-1945)

യുദ്ധക്കൊതിയനായ ഹിറ്റ്ലറുടെ കീഴിൽ ജർമ്മൻ സൈന്യം പോളണ്ടിനെ ആക്രമിച്ചതോടെ 1939 സെപ്തംബർ 1-ാം തീയതി ലോകത്തെ ആകമാനം ഭീതിയിലാഴ്ത്തിയ ഭീകരമായ രണ്ടാം ലോക മഹായുദ്ധം പൊട്ടിപുറപ്പെട്ടു. യുദ്ധത്തിന്റെ ആദ്യഘട്ടങ്ങളിൽ ജർമ്മനി വിജയപാതയിൽ ആയിരുന്നെങ്കിലും സഖ്യകക്ഷികളുടെ ശക്തിക്കുമുന്നിൽ പിന്നീട് പരാജയപ്പെട്ടു.

ജർമ്മനിക്കും ഇറ്റലിക്കും കീഴടങ്ങിയെങ്കിലും ഏഷ്യൻ ശക്തിയായ ജപ്പാൻ സഖ്യകക്ഷികൾക്കെതിരെ ശക്തമായ ആക്രമണം നടത്തി. യുദ്ധത്തിൽ പ്രത്യക്ഷമായി പങ്കെടുക്കാതെ ഒഴിഞ്ഞുനിന്ന വൻശക്തിയായ അമേരിക്കയുടെ പേൾഹാർബർ ജപ്പാൻ ആക്രമിച്ചത് അമേരിക്കയെ യുദ്ധത്തിലേക്ക് വലിച്ചിറക്കുന്നതിന് കാരണമായി, ഒപ്പം ജപ്പാന്റെ നാശത്തിനും. യുദ്ധത്തിൽ അജയ്യമായി മുന്നേറിക്കൊണ്ടിരുന്ന ജപ്പാന്റെ ജനസാന്ദ്രനഗരങ്ങളായ ഹിരോഷിമയിലും (1945 ഓഗസ്റ്റ് 6) നാഗസാക്കിയിലും (ഓഗസ്റ്റ് 9) കൊടും വിപത്ത് വിതറിയ ആറ്റം ബോംബുകൾ വർഷിപ്പിച്ച് അമേരിക്ക ജപ്പാന്റെ നടുവൊടിച്ചു. ഇതോടെ 1945 ഓഗസ്റ്റ് 14-ാം തീയതി ജപ്പാന്റെ കീഴടങ്ങലോടെ രണ്ടാം ലോകമഹായുദ്ധത്തിന് വിരാമമായി. ഹിരോഷിമയും നാഗസാക്കിയും ലോകചരിത്രത്തിലെ കണ്ണുനീർ തുള്ളികളായി അവശേഷിക്കുന്നു. മൂന്നു ലക്ഷത്തോളം ആൾക്കാർ നിമിഷനേരം കൊണ്ട് മരണപ്പെട്ടു. ലക്ഷക്കണക്കിനാളുകൾക്ക് അംഗവൈകല്യം സംഭവിച്ചു. ഇന്നും അണുബാധയുടെ അനന്തരഫലമായി സാംക്രമിക രോഗങ്ങൾക്ക് അടിമകളായി അവിടെ ജീവിക്കുന്ന ജനങ്ങൾ അമേരിക്ക കാണിച്ച കൊടും ക്രൂരതയ്ക്കു മുന്നിൽ ചോദ്യചിഹ്നമായി കഴിയുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്തും അതിനു തൊട്ടുമുമ്പും അറുപതു ലക്ഷം യഹൂദന്മാരാണ് യൂറോപ്പിൽ നിഷ്ക്കരുണം കൊല്ലപ്പെട്ടത്. 1935-ലെ 'നൂറംബർഗ് നിയമം' നിലവിൽ വന്നതോടെ ജർമ്മനിയിൽ യഹൂദന്മാർക്കു നേരെയുള്ള പീഢനം ആരംഭിച്ചു. ശുദ്ധ ആര്യ രക്തവാദം ഹിറ്റ്ലർ ജർമ്മനിയിൽ നടപ്പിലാക്കിയപ്പോൾ ആറു ലക്ഷം യഹൂദന്മാർക്ക് അവിടെ പൗരാവകാശം നഷ്ടപ്പെട്ടു. യഹൂദന്മാരെ വിവാഹം കഴിച്ചവർ വിവാഹമോചനം നേടണം, അല്ലെങ്കിൽ ക്രൂരപീഢനങ്ങൾക്ക് വിധേയരാകേണ്ടി വന്നു. ജർമ്മൻ സൈന്യം യഹൂദവനിതകളെ അപമാനിച്ചു. യഹൂദന്മാരുടെ കുടുംബബന്ധങ്ങൾ തകർക്കപ്പെട്ടു. ഹിറ്റ്ലറിന്റേയും നാസ്സികളുടെയും ക്രൂരപീഢനത്തിൽ പിടിച്ചു നില്ക്കാനാകാതെ യെഹൂദന്മാർ ജീവനും കൊണ്ടോടി. ലക്ഷക്കണക്കിന് യെഹൂദന്മാരെ വായു കടക്കാത്ത കൊലശാലകളിൽ കയറ്റി വിഷവാതകം ശ്വസിപ്പിച്ചും ശ്വാസംമുട്ടിച്ചും കശാപ്പു ചെയ്തു.

ക്രൂരനായ ഹിറ്റ്ലറിന് അധികനാൾ പിടിച്ചു നില്ക്കാനായില്ല. 1945 ഏപ്രിൽ 30-ാം തീയതി വായിലേക്ക് നിറയൊഴിച്ച് ആത്മഹത്യ ചെയ്തു. റഷ്യൻ സൈന്യം തന്റെ ഔദ്യോഗിക വസതി വളഞ്ഞതറിഞ്ഞ് ശത്രുസൈന്യത്തിന് സ്വയം ജീവനൊടുക്കേണ്ടി വന്നു.

ഇറ്റലിയിൽ ക്രൂരതയുടെ പര്യായമായിരുന്ന ഫാസിസത്തിന്റെ വക്താവായ മുസ്സോളിനിയുടെ ഗതിയും മറിച്ചായിരുന്നില്ല. ഇറ്റലി തനിക്കെതിരെ തിരിഞ്ഞപ്പോൾ ആരും അറിയാതെ താനും തന്റെ വെപ്പാട്ടിയും സൈനികരുടെ വേഷം ധരിച്ച് ജർമ്മൻ ട്രക്കിൽ കയറി ഇന്നസ്ബർഗിലേക്ക് രക്ഷപ്പെടാൻ ശ്രമിച്ച അവരെ ഇറ്റലിയിൽ സൈന്യം പിടികൂടി, പ്രതീകാത്മകമായി കുറ്റവിചാരണ ചെയ്ത് പരസ്യമായി വെടിവച്ചുകൊന്നു. അതും പോരാതെ അവരുടെ ജഡം തലകീഴായി കെട്ടിത്തൂക്കി.

### യുദ്ധവും മാർപാപ്പയുടെ നിലപാടും

വത്തിക്കാനിൽ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ (1939-1958) ആയിരുന്നു രണ്ടാം ലോകമഹായുദ്ധം നടക്കുമ്പോൾ അധികാരത്തിൽ. ഹിറ്റ്ലറും മുസ്സോളിനിയും പ്രതിനിധീകരിക്കുന്ന നാസിസ്സവും ഫാസിസവും കമ്മ്യൂണിസത്തെ എതിർത്തിരുന്നതിനാൽ, പീയൂസ് പതിനൊന്നാമൻ മാർപാപ്പ (1922-1939) അവരോട് പ്രത്യേകം താല്പര്യം കാണിച്ചിരുന്നു. കാരണം കമ്മ്യൂണിസം കത്തോലിക്കാസഭക്കും കത്തോലിക്കാസഭ കമ്മ്യൂണിസത്തിനും എതിരായിരുന്നു. 1929-ൽ മുസ്സോളിനിയായിരുന്നു 'വത്തിക്കാൻ' രാഷ്ട്രം മാർപാപ്പയ്ക്ക് സമ്മാനിച്ചത്. അതിനാൽ മാർപ്പാപ്പയ്ക്ക് മുസ്സോളിനിയോട് കടപ്പാടുണ്ട്. ലോകകമ്മ്യൂണിസത്തോട് പോരാടുവാൻ സാസി ജർമ്മനിയുടെയും ഫാസിസ്റ്റ് ഇറ്റലിയുടെയും സഹായം അദ്ദേഹത്തിന് ആവശ്യമായിരുന്നു. ഇക്കാരണങ്ങളാലാണ് ഹിറ്റ്ലറോടും മുസ്സോളിനിയോടും അടുപ്പം കാണിക്കുവാൻ മാർപാപ്പ നിർബന്ധിതനായത്. എന്നാൽ കൊടുംക്രൂരതയുടെ പര്യായമായ മുസ്സോളിനിയിൽ നിന്നും വത്തിക്കാൻ രാഷ്ട്രം മാർപാപ്പ ഏറ്റുവാങ്ങിയത് ശരിയായ നിലപാടായിരുന്നുവോ എന്ന ചോദ്യം അവശേഷിക്കുന്നു. യഥാർത്ഥത്തിൽ മുസ്സോളിനിയുടെ ചതിയിൽ മാർപാപ്പ അകപ്പെടുകയായിരുന്നു.

അധികാരം കയ്യിൽ കിട്ടിയപ്പോൾ പാപ്പാധിപത്യത്തിനെതിരേയും മുസ്സോളിനി തിരിഞ്ഞു. യഹൂദന്മാരെ മുസ്സോളിനിയും ഇറ്റലിയിൽ ക്രൂരമായി പീഢിപ്പിച്ചു. കത്തോലിക്കരേയും ഇല്ലായ്മ ചെയ്യുവാൻ മുസ്സോളിനി പദ്ധതി ഇട്ടു. മാർപാപ്പ ശക്തമായി പ്രതികരിച്ചതിനാൽ അടവുമാറ്റി.

യുദ്ധത്തിനെതിരായിരുന്നു പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ. സമാധാനത്തിനു വേണ്ടി അദ്ദേഹം വാദിച്ചു. അഭയാർത്ഥികളായി വന്ന യെഹൂദന്മാർക്ക് അദ്ദേഹം വത്തിക്കാനിൽ അഭയം നല്കി. ഏന്നാൽ ഇറ്റലിയിലും ജർമ്മനിയിലും ലക്ഷക്കണക്കിന് യഹൂദന്മാർ യാതൊരു കാരണവുമില്ലാതെ കൊല ചെയ്യപ്പെട്ടപ്പോൾ മാർപാപ്പ അവലംബിച്ച മൗനം ശക്തമായ വിമർശനത്തിനു വഴി തെളിച്ചു.

യുദ്ധം കാട്ടാളന്മാരുടെ പ്രവർത്തിയാണെന്ന് വൈകിയാണെങ്കിലും നെപ്പോളിയനുണ്ടായ തിരിച്ചറിവിന് അടിവരയിടുന്നതായിരുന്നു മനുഷ്യരാശിയുടെ മേൽ വിനാശം വിതച്ചുകൊണ്ട് ഇരുപതാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട ലോകമഹായുദ്ധങ്ങൾ.

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു എങ്കിലും, യുദ്ധഭീതി തുടരുകയാണ്. യുദ്ധം ഒരു വിളിപ്പാടകലെ എന്ന ചിന്തയാണ് മനുഷ്യമനസ്സുകളിൽ ഭീതി നിറച്ച് ഉയരുന്നത്. ഈ ഭീതിയകറ്റുവാൻ ആയുധപ്പുരകളുടെ കാവലാളുകളായി മാറിയ ലോകരാഷ്ട്രങ്ങൾക്കാവില്ല. ഇവിടെയാണ് 'ശത്രുവിനെ സ്നേഹിക്കൂ' എന്ന് ഉപദേശിച്ച സമാധാനത്തിന്റെ രാജാവായ ക്രിസ്തുവിന്റെ ഉപദേശത്തിന്റെ പ്രസക്തി. അത് പ്രചരിപ്പിക്കുവാനും, പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുവാനും ഉള്ള ദൗത്യം ക്രൈസ്തവസഭ ഏറ്റെടുക്കണം. അതിനായി പ്രാർത്ഥിക്കണം. 'പകയും വിദ്വേഷവും പ്രതികാരവും വർദ്ധിക്കുന്നിടത്ത് എന്നെ സമാധാനത്തിന്റെ ഉപകരണമാക്കി തീർക്കണമേ" എന്ന് അസ്സീസിയിലെ ഫ്രാൻസിസ് പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം!

(..തുടരും)

### കഠിനമായ പനി സൗഖ്യമായി



പഞ്ചാബിൽ പ്രവർത്തിക്കുന്ന ജി.എം.ഐ മിഷണറിയാണ് സഹോ. ജോർജ്ജ് മസീഹ്. സഹോദരനും സഹപ്രവർത്തകരും ചേർന്ന് ഫക്കാഫരിദകിർ ഗ്രാമത്തിൽ ഒരു സുവിശേഷയോഗം സംഘടിപ്പിച്ചു. ആ യോഗത്തിൽ ഗുൽമൽസിംഗ് എന്ന വ്യക്തി കടന്നുവന്നു. താൻ ദീർഘനാളുകളായി കഠിനമായ പനിബാധിച്ച് കിടപ്പിലായിരുന്നു. ധാരാളം ചികിത്സകൾ ചെയ്തു എങ്കിലും യാതൊരു വ്യത്യാസവുമില്ലാതെ കഷ്ടപ്പെടുകയായിരുന്നു. സഹോദരന്മാർ ആ വ്യക്തിക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം ആ നിമിഷം തന്നെ ആ വ്യക്തിയെ പൂർണ്ണമായും സൗഖ്യമാക്കി. യേശു ജീവിക്കുന്ന ദൈവമാണെന്ന് അനുഭവിച്ചറിഞ്ഞ ഗുൽമൽ സിംഗ് തന്റെ ജീവിതം യേശുവിനായി സമർപ്പിച്ചു.

### നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അറിയിക്കുക

**Grace Ministries of India**

Nanthancode, Trivandrum- 695 003

☎ 0471 - 2311439

E-mail : gmi@graceindia.in

www.graceindia.in

**ക്രിസ്തുകൃപ ആശ്രമം**

കാട്ടാക്കട, തിരുവനന്തപുരം

☎ 0471 - 2290473, 2291473, 2120473, 8547501439



# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം

## ബൈബിളിലെ പ്രകൃതിപാഠങ്ങൾ

(....തുടർച്ച)

"അവൻ ആറ്ററികത്തു നട്ടിരിയ്ക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. അവൻ ചെയ്യുന്നതൊക്കെയും സാധിക്കും (സങ്കീ. 1:3).

വിശുദ്ധ ഗ്രന്ഥത്തിലുടനീളം മരങ്ങളെയും മനുഷ്യരെയും തമ്മിൽ ബന്ധിപ്പിച്ച് താരതമ്യപഠനം ചെയ്യുന്നത് നമുക്ക് കാണുവാൻ സാധിക്കും. വൃക്ഷങ്ങളെക്കുറിച്ചും സസ്യലതാതികളെക്കുറിച്ചും പ്രതീകാത്മകമായി വിവരിക്കുന്ന ഭാഗങ്ങൾ പഴയനിയമത്തിലും പുതിയനിയമത്തിലും നാം വായിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ ഉപമകളും പ്രബോധനങ്ങളും പലപ്പോഴും വൃക്ഷങ്ങളെയും ഭൂമിയിലെ ഫലമൂലാദികളെയും ബന്ധപ്പെടുത്തിക്കൊണ്ടാണ്. മരങ്ങളെ മനുഷ്യജീവിതവുമായി ബന്ധപ്പെടുത്തുമ്പോഴെല്ലാം നല്ല ഫലം നൽകുന്ന, മറ്റുള്ളവർക്ക് തണലേകുന്ന ഒരു ജീവിതശൈലിയുടെ ഉടമകളാകുവാനുള്ള ദിവ്യ സന്ദേശമാണ് നമുക്ക് ലഭിക്കുന്നത്. മനുഷ്യർക്ക് ഉപകാരപ്രദങ്ങളാകുന്ന വൃക്ഷങ്ങളെ നല്ല വൃക്ഷങ്ങളായി പരിഗണിക്കുന്നതുപോലെ നമ്മുടെ ഇഹലോക ജീവിതം സമസ്യഷ്ടികൾക്ക് ഉപകാരപ്രദവും ഫലപ്രദവുമാകുന്നത് നാം അവർക്കു വേണ്ടി നല്ല ഫലങ്ങൾ പുറപ്പെടുവിക്കുമ്പോഴാണ്.

സൃഷ്ടിയുടെ മൂന്നാം ദിവസം ഭൂമിയിൽനിന്ന് പുല്ലും വിത്തുള്ള സസ്യങ്ങളും അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവരട്ടെ എന്ന് ദൈവം കല്പിക്കുകയും അപ്രകാരം സംഭവിയ്ക്കുകയും ചെയ്തു (ഉല്പ. 1:11,12) അവയെല്ലാം നല്ലത് എന്ന് ദൈവം കണ്ടു. ആദിപുസ്തകത്തിലെ ആദ്യവരികളിൽ ആരംഭിയ്ക്കുന്ന ഈ വൃക്ഷങ്ങളുടെ സുവിശേഷം അവസാന പുസ്തകത്തിന്റെ അന്തിമഭാഗത്ത് പൂർണ്ണമാകുന്നു. "നദിയ്ക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്. അതു പന്ത്രണ്ടു വിധം ഫലം കായിച്ച് മാസം തോറും അതതു ഫലം കൊടുക്കുന്നു. വൃക്ഷങ്ങളുടെ ഇല ജാതികളുടെ രോഗശാന്തിയ്ക്ക് ഉതകുന്നു. യാതൊരു ശാപവും ഇനി ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും.... ഇനി രാത്രി ഉണ്ടാകയില്ല. ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല. അവർ എന്നന്നേക്കും രാജാവായിരിക്കും" (വെളി. 6:1-5).

മനുഷ്യന്റെ ശിക്ഷയും രക്ഷയും വൃക്ഷങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ളത് അത്ഭുതാവഹമല്ലേ. ആദ്യകല്പന തന്നെ തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം നീ തിന്നരുത് എന്നുള്ളതായിരുന്നുവല്ലോ. എല്ലാ മൃഗസമ്പത്തും സസ്യസമ്പത്തും ദൈവം മനുഷ്യനെ ഏല്പിച്ചു. അവയെ അടക്കി വാഴുവാനുള്ള അധികാരവും അവന് കൊടുത്തതാണ്. മറ്റെല്ലാ വൃക്ഷങ്ങളുടെയും ഫലം തിന്നു ജീവിക്കുവാനുള്ള അനുവാദവും അവനു ലഭിച്ചിരുന്നു. പക്ഷേ ദൈവകല്പന ലംഘിച്ചു വിലക്കപ്പെട്ട കനി തിന്ന ആദാമും ഹവ്വായും ഏദൻ തോട്ടത്തിനു പുറത്തായി. അല്ലായിരുന്നെങ്കിൽ അവൻ കൈ നീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടി ഭക്ഷിച്ചേക്കുമോ എന്നു ദൈവം ഭയപ്പെട്ടിരുന്നു (ഉല്പ. 3:22-23). ജീവവൃക്ഷത്തിലേക്കുള്ള വഴിക്ക് ദൈവം കാവലും ഏർപ്പെടുത്തി (ഉല്പ. 3:24).

അനുസരണക്കേട് കാണിച്ച് നഗ്നരായിത്തീർന്ന ആദാമും ഹവ്വായും തങ്ങളുടെ നാണം മറയ്ക്കുവാൻ ആശ്രയിച്ചത് അത്തിമരത്തെയായിരുന്നു. അത്തിയിലകൾ കൂട്ടിത്തുന്നി അവർ തങ്ങൾക്ക് ഉടയാട ഉണ്ടാക്കി (3:7). മനുഷ്യന്റെ ആദ്യത്തെ കണ്ടുപിടിത്തം.

വേദപുസ്തകത്തിൽ ആദ്യമായും അവസാനമായും പേരെടുത്ത് പറഞ്ഞിട്ടുള്ള മരമാണ് അത്തിവൃക്ഷം. മുന്തിരിച്ചെടിയും ഒലിവുവൃക്ഷവും കഴിഞ്ഞാൽ പലസ്തീൻ നാട്ടിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യപ്പെടുന്ന വിളവും ഇതുതന്നെ. അത്തിപ്പഴം നല്ല ആഹാരപദാർത്ഥമാണ്. തടി ഉപയോഗ പ്രദമല്ല. വീടുകളുടെ മുറ്റത്ത് തണലിനുവേണ്ടിയും മുന്തിരിത്തോട്ടങ്ങളുടെ നടുവിലും വഴിയിറമ്പുകളിലും തോട്ടങ്ങളിലും അത്തി വൃക്ഷങ്ങൾ കൃഷി ചെയ്തു വരുന്നു. ഔഷധഗുണമുള്ള ഫലമാണ് അത്തിയുടേത്.

മറ്റു വൃക്ഷങ്ങളെ അപേക്ഷിച്ച് അത്തിവൃക്ഷത്തിന്റെ ഫലകാലം കൗതുകകരമാണ്. മഴക്കാലത്ത് ഇല പൊഴിയ്ക്കും. വേനൽക്കാലം തുടങ്ങുമ്പോഴേയ്ക്കും ഇലമൊട്ടുകളും പിന്നെ പൂക്കുലകളും ഉണ്ടാകുന്നു. അതുകൊണ്ടാണ് അത്തിവൃക്ഷം പൂക്കുമ്പോൾ വേനൽ അടുത്തു എന്ന് സുവിശേഷത്തിൽ (മത്തായി 24:32) യേശു പറയുന്നത്.

മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷത്തിന്റെ ഉപമ (ലൂക്കൊ. 13:6-9) യിൽ യേശു ആ വൃക്ഷത്തെ ശപിക്കുന്നുണ്ട്. ഫലം പുറപ്പെടുവിക്കാത്ത ആ മരം യഹൂദസഭയെ പ്രതിനിധാനം ചെയ്യുന്നു. A.D. 70 ൽ യരുശലേം ദേവാലയം കൊള്ളയടിക്കപ്പെട്ട് ശൂന്യമാകുകയും യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗത്തേയ്ക്ക് ചിതറിപ്പോകുകയും ചെയ്തപ്പോൾ കർത്താവിന്റെ പ്രവചനപരമായ ഉപമ നിറവേറി.

സാധാരണ ജനങ്ങളെ ചൂഷണം ചെയ്തു ജീവിക്കുന്ന യഹൂദപ്രമാണികൾ തഴച്ചു വളരുകയും എന്നാൽ പ്രയോജന പ്രദമായതൊന്നും അവർ പ്രവർത്തിയിൽ കാണിക്കുന്നില്ല എന്നും ക്രിസ്തു വെളിപ്പെടുത്തുന്നു.

പക്ഷേ ഒരു കാട്ടത്തിയിൽ കയറിയിരുന്ന സക്കായിയുടെ ഭവനത്തിന് യേശുക്രിസ്തു രക്ഷകനായി തീർന്നു. വഴിയരികിൽ താനേ മുളച്ചു വരുന്ന കാട്ടത്തിക്ക് താഴെ മുതൽ ശിഖരങ്ങളുണ്ട്. തടി നീളം കുറഞ്ഞതും ധാരാളം ശിഖരങ്ങളുള്ളതുമായിരിക്കും. ഇല തഴച്ചു വളരും. രുചികരമല്ലാത്തതും മാംസളമല്ലാത്തതുമായ പഴങ്ങൾ അവിടവിടെ ഉണ്ടാകും -കായ്ഫലം കുറവായ ജാതിമരങ്ങൾ പോലെ. ഇക്കാരണങ്ങൾ കൊണ്ടാകാം പൊക്കം കുറഞ്ഞ സക്കായി പെട്ടെന്ന് കാട്ടത്തിമേൽ കയറിയത്. സക്കായിയെപ്പറ്റി ഒരു ഐതിഹ്യമുണ്ട്. ക്രിസ്തു ഭവനത്തിൽ വന്ന് അവന് മാനസാന്തരമുണ്ടായശേഷം താൻ കയറിയിരുന്ന അത്തിവൃക്ഷത്തെ അവൻ ദിവസവും വെള്ളമൊഴിച്ച് പരിസരം വെടിപ്പാക്കി പരിചരിക്കുമായിരുന്നുവത്രെ. എന്തായാലും യേശുക്രിസ്തുവിന് കാട്ടത്തിയാണ് നല്ല ഒരു ഫലം കൊടുത്തത് എന്നത് ചിന്താവിഷയമാക്കേണ്ടതാണ്.

ഒലിവുമരവും വി.വേദപുസ്തകത്തിൽ ഏറെ പ്രാവശ്യം വിവരിക്കപ്പെടുന്നുണ്ട്. ഉല്പത്തി 8:11 ൽ നോഹയുടെ പെട്ടകത്തിനകത്തേയ്ക്ക് ഒലിവിന്റെ ഒരു പച്ചിലയുമായി വരുന്ന പ്രാവിനെ കാണുന്നു. ഭൂമിയെ നശിപ്പിച്ച പ്രളയത്തിന്റെ ശമനം ദൈവം അറിയിച്ചത് ഈ പ്രാവിൽ കൂടിയും അതിന്റെ ചുണ്ടിൽ പിടിച്ചിരിക്കുന്ന ഒലിവ് ഇലയും മുഖാന്തിരമാണ്. തവിട്ടു നിറത്തിലുള്ള തൊലിയും ധാരാളം കമ്പുകളും പച്ച ഇലകളും ഉള്ള ഒലിവുമരങ്ങൾ മറ്റു വൃക്ഷങ്ങളുടെ ഇടയിൽ സൂര്യപ്രകാശമേറ്റു പ്രകാശിക്കുന്നത് പലസ്തീൻ നാട്ടിലെ രമണീയമായ കാഴ്ചയായിരുന്നു. ഗത്സമനത്തോട്ടവും ഒലിവ് വൃക്ഷങ്ങളും ക്രിസ്തുവിന്റെ ഐഹിക ജീവിതത്തിലെ നാഴികക്കല്ലുകളായിരുന്നുവല്ലോ. പൗരസ്ത്യർ ശക്തിയുടെയും ദൈവാനുഗ്രഹത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായി ഒലിവു വൃക്ഷത്തെ കരുതിയിരുന്നു (സങ്കീ. 52:8). ഒലിവെണ്ണ ഭക്ഷ്യവിഭവമായും ഔഷധമായും ഉപയോഗിക്കുന്നു. പുരോഹിതനെ അഭിഷേകം ചെയ്യുവാനും രാജാവിനെ അഭിഷേകം ചെയ്യുവാനും സാധാരണ തലയിൽ പുരട്ടുവാനും എണ്ണ ഉപയോഗിക്കുന്നു. വിളക്കു കത്തിക്കുവാനും മതപരമായ അനുഷ്ഠാനങ്ങൾക്കും യാഗാർപ്പണത്തിനും വിശിഷ്ടാഥിതികളെ സ്വീകരിക്കുന്നതിനുമെല്ലാം ഒലിവെണ്ണയാണ് ഉപയോഗിച്ചിരുന്നത്. ശലോമോൻ പണിത ദേവാലയത്തിന്റെ കതകും മന്ദിരത്തിന്റെ കെരൂബുകളും ഒലിവുമരം കൊണ്ടുള്ളതായിരുന്നു.

ഫലമില്ലാത്ത കാട്ടൊലിവും ഉണ്ടായിരുന്നു. നല്ല ഒലിവ് ശാഖ കാട്ടൊലിവിന്റെ ചെടിയിൽ ഒട്ടിച്ചെടുക്കുന്ന രീതി (ബഡ്ഡിംഗ്) ഓർത്തുകൊണ്ടാണ് സാധാരണ നടപടിക്കു വിരുദ്ധമാണെങ്കിലും കാട്ടൊലിവായ പുറജാതികളെ നല്ല ഒലിവായ യിസ്രായേലിനോട് ചേർത്ത് ഒട്ടിക്കുന്നതായ ദൃഷ്ടാന്തം വി.പൗലൊസ് റോമാലേഖനത്തിൽ (11:17-24) വിവരിക്കുന്നത്. ദൈവസന്നിധിയിൽ നിൽക്കുന്ന രണ്ട് അഭിഷിക്തന്മാരെ നാം സെഖ.4:11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. അവർ എണ്ണ ഒഴുക്കുന്ന ഒലിവു കമ്പുകളായാണ് കാണപ്പെട്ടത്.

കാട്ടത്തിയെപ്പോലെ കാട്ടൊലിവും പ്രയോജനപ്രദമാകുന്ന കാഴ്ചയാണ് മേല്പറഞ്ഞ ഭാഗത്ത് പൗലൊസ് അപ്പൊസ്തലൻ വിവരിയ്ക്കുന്നത്. നല്ല ഒലിവു വൃക്ഷമാകുന്ന ക്രിസ്തുവിനോടു ചേർത്ത് വെറും കാട്ടൊലിവാകുന്ന മനുഷ്യരെ ഒട്ടിച്ച് ഒരു ശരീരമാക്കിത്തീർക്കുന്ന പ്രക്രിയയാണല്ലോ മാനസാന്തരവും രക്ഷയും ക്രിസ്തീയ വിശ്വാസവും.

ബദാം വൃക്ഷവും ബൈബിളിൽ പ്രാധാന്യമർഹിക്കുന്ന മരമാണ്. സാകാഡ് എന്നാണ് എബ്രായ ഭാഷയിൽ പറയുന്നത്. 'ജാഗ്രതയുള്ള' എന്ന അർത്ഥമാണ് വാക്കിന്. അഹരോന്റെ തളിർത്ത വടി ബദാം കമ്പു കൊണ്ടുള്ളതായിരുന്നുവല്ലോ.

*(ശേഷം 4-ാം പേജിൽ)*

EG NO. 337/14/15/ AL-86 TC III MONTHLY MALAYALAM REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month


ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യ ഒരുക്കുന്ന

# യുവസംഗമം 2012

മാറ്റങ്ങളുടെ നടുവിൽ യുവജനങ്ങൾക്ക് ദിശാബോധം നല്കുന്ന, സ്വയത്തെയും മറ്റുള്ളവരെയും സമൂഹത്തെയും കുറിച്ചുള്ള തിരിച്ചറിവുണർത്തി സ്വശക്തിയെ ദിവ്യമഹത്വത്തിലേക്ക് ഒരുക്കുന്ന യുവജന സംഗമം.

**ചിന്താവിഷയം : 'യുവത്വം മഹത്വം'** (സദൃ. 20:29)

| | | |
|---|---|---|
| സ്ഥലം | : | ക്രിസ്തുകൃപ ആശ്രമം, കാട്ടാക്കട |
| തീയതി | : | ആഗസ്റ്റ് 27-28 (തിങ്കൾ, ചൊവ്വ) |
| പ്രായപരിധി | : | 18 വയസ്സുമുതൽ 25 വയസ്സുവരെ |

**രജിസ്ട്രേഷൻ ഫീസ് : 150 രൂപ**

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക
✆ 0471 - 2291473, 9446190073

**പ്രത്യേകതകൾ**

- പ്രഗത്ഭരും പരിചയ സമ്പന്നരുമായ അദ്ധ്യാപകർ നയിക്കുന്ന ക്ലാസ്സുകൾ
- ചർച്ചകൾ, സംശയനിവാരണം
- വിനോദങ്ങൾ
- സംഗീത പരിപാടികൾ
- വീഡിയോ ഷോ

# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.



റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ




ഗ്രെയ്സ് ഫെസ്റ്റുകൾ



ക്രിസ്തുകൃപ ആശ്രമങ്ങൾ



സൗജന്യ വിദ്യാഭ്യാസ പരിപാടികൾ






മാസിക പ്രവർത്തനങ്ങൾ





ഹാപ്പി ഫാമിലി മിഷൻ



പബ്ലിക്കേഷൻസ്

Grace Ministries of India,
Nanthancode
Trivandrum- 695 003
☎ 0471 - 2311439
E-mail : gmi@graceindia.in
www.graceindia.in
A/C No. 009901000020000
(I.O.B, Main Branch, Statue, Trivandrum)

**ജി. എം. ഐയുടെ മറ്റു പ്രവർത്തനങ്ങൾ**

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്ത്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ മസി സത് - സംഗ്